1005

SEVANA SAMAJAM & READING ROOM
MANGANAM
KOTTAYAM PUBLIC LIBRARY
72727

# വ്യാവസായിക വികസനം

ഡാ: എം. എ. ചൻസർക്കർ.

ഈ പുസ്തകത്തിൽ പ്രകടിപ്പിച്ചിട്ടുള്ള അഭിപ്രായങ്ങൾ
കേന്ദ്ര തൊഴിലാളി വിദ്യാഭ്യാസ ബോർഡിന്റേ
തായിക്കൊള്ളണമെന്നില്ല

338

പരിഭാഷ: പി. എ. ഗോപിനാഥൻ നായർ.

Published by Shri. Quader Nowaz, Director, Central Board
for Worker's Education
Nagpur and Printed at the Lakshmi Printing House, Calicut-2.
Malayalam—Copies 4000—March 1966.

# ആമുഖം

തൊഴിലാളികളുടെ അവകാശങ്ങളെപ്പററിയും കടമകളെപ്പററിയും അവരെ കൂടുതൽ ബോധവാന്മാരാക്കുന്നതിനും, അവരുടെ പ്രയത്നം കൂടുതൽ മേന്മയുള്ളതും പ്രയോജനകരവുമാക്കിത്തീക്കുന്നതിനും, പൊതുവെ തൊഴിലാളികളുടെ ക്ഷേമത്തിനു തന്നെയും അവർക്കു വേണ്ടിയുള്ള ഒരു വിദ്യാഭ്യാസ പദ്ധതി ആവശ്യമാണു്. കേന്ദ്ര വിദ്യാഭ്യാസ ബോർഡ്് എന്നു പേരുള്ള അർദ്ധ സ്വയംഭരണ സ്ഥാപനമാണു് ഇപ്രകാരം ഒരു പദ്ധതി ഇൻഡ്യയിൽ നടപ്പാക്കുന്നതിന്റെ ചുമതല വഹിക്കുന്നതു്. ഈ പദ്ധതിയുടെ ആദ്യഘട്ടം "എഡ്യൂക്കേഷൻ ആഫീസറന്മാർ" എന്നറിയപ്പെടുന്ന ഉന്നത നിലവാരത്തിലുള്ള അദ്ധ്യാപകന്മാരെ പരിശീലിപ്പിക്കുകയാണു്. അവർ, വ്യവസായശാലകളിൽനിന്നു് തെരഞ്ഞെടുക്കപ്പെടുന്ന തൊഴിലാളികൾക്കു് തൊഴിലാളി- അദ്ധ്യാപക പരിശീലനം നൽകുന്നു തൊഴിലാളി- അദ്ധ്യാപകർ പരിശീലനം പൂർത്തിയാക്കിയ ശേഷം സ്വന്തം വ്യവസായശാലകളിലേക്കു മടങ്ങിച്ചെന്നു് സാധാരണ തൊഴിലാളികൾക്കുവേണ്ടി ക്ലാസ്സുകൾ നടത്തുന്നു. ഈ പ്രാഥമിക കേന്ദ്രങ്ങൾ 'യൂണിററ് ലവൽ ക്ലാസ്സുകൾ' എന്നറിയപ്പെടുന്നു.

ട്രേഡ്്യൂണിയൻ സംബന്ധമായ വിഷയങ്ങളെക്കുറിച്ചും, മററും സാധാരണ തൊഴിലാളികൾക്കു 'വായിച്ചു് മനസ്സിലാക്കത്തക്ക

വിധത്തിലുള്ള പ്രസിദ്ധീകരണങ്ങൾ വളരെ കുറച്ചുമാത്രമെയുള്ളു. ഈ കുറവു പരിഹരിക്കുന്നതിനു് വിദ്യാഭ്യാസം, തൊഴിലാളിപ്രസ്ഥാനം, വ്യവസായ ബന്ധം എന്നീ രംഗങ്ങളിൽ വൈദഗ്ധ്യം നേടിയിട്ടുള്ളവരുടെ സഹായം കേന്ദ്രതൊഴിലാളി വിദ്യാഭ്യാസ ബോർഡു് ആവശ്യപ്പെടുകയും അതിന്റെ ഫലമായി പ്രധാൻപ്പെട്ട പല വിഷയങ്ങളെപ്പററിയും ചില പ്രസിദ്ധീകരണങ്ങൾ തയ്യാറാവുകയുംചെയ്തു. പ്രാദേശിക ഭാഷകളിലേക്കു് വിവർത്തനംചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന അത്തരം ലഘുലേഖകളിൽ ഒന്നിന്റെ മലയാള പരിഭാഷയാണിതു്.

## വ്യാവസായിക വികസനത്തിന്റെ ആവശ്യം.

**നി**ങ്ങൾക്കെല്ലാവർക്കുമറിയാം, ത്വരിതഗതിയിലുള്ള വ്യാവസായിക വികസന പ്രവത്തനങ്ങൾ നമ്മുടെ ദേശീയ പദ്ധതികളിലൂടെ നാം തുടങ്ങിക്കഴിഞ്ഞുവെന്നവസ്തുത. നമുക്കു നമ്മുടെ ഒന്നാം പഞ്ചവത്സരപദ്ധതി ഉണ്ടായിരുന്നു; അതിനു ശേഷം രണ്ടാമത്തെതും പൂത്തിയായി. ഒന്നും രണ്ടും പദ്ധതികൾ വികസനപദ്ധതികളല്ലാതായിരിക്കുന്നു, അവ നടപ്പിലാക്കിക്കഴിഞ്ഞതുകൊണ്ട്. വാക്കുകൾ പ്രവർത്തികളായി മാറിക്കഴിഞ്ഞിരിക്കുന്നു ഇന്ന് നാം മൂന്നാം പഞ്ചവത്സര പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

നമ്മുടെ ചുററും എന്തെല്ലാമാണ് നടന്നുകൊണ്ടിരിക്കുന്നതെന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? "തീർച്ചയായും" നിങ്ങൾ പറയുമായിരിക്കാം; ഒരു പദ്ധതി ഉണ്ടെന്നുള്ള വസ്തുത നിങ്ങൾക്കറിയാം. പുതിയ വ്യവസായ സ്ഥാപനങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതു് നിങ്ങൾക്കറിവുണ്ട്, നിങ്ങൾ പണിയെടുക്കുന്ന വ്യവസായത്തിൽതന്നെ ചില വികസന പ്രവത്തനങ്ങൾ നടക്കുന്നത് നിങ്ങൾ കാണുന്നുമുണ്ട്. എന്നാൽ ഈ വഴിക്ക് നമ്മുടെ രാഷ്ട്രം ഇന്ന് നട

ത്തുന്ന യത്നങ്ങളെപ്പററി കൂടുതൽ അറിയുന്നതു് നിങ്ങൾക്കിഷ്ടമുള്ള കാര്യമാണെന്നു് എനിക്കറിയാം.

നമ്മുടെ വ്യവസായങ്ങൾ നാം എന്തിനു വികസിപ്പിക്കണം? ഒരു തരത്തിൽ, ഇതൊരു വലിയ ചോദ്യമാണ്. എന്നാൽ ഉത്തരമോ, സാമാന്യേന ലളിതവും.

ഒന്നാമതായി, കൂടുതൽ ആളുകൾക്കു് തൊഴിൽ ലഭിക്കും. ജോലി ലഭിച്ചുകഴിഞ്ഞാൽ തങ്ങളുടെ അടിസ്ഥാനാവശ്യങ്ങൾ നിറവേററുന്നതിനു് അവർക്കു കഴിയുന്നു. മറെറാരു തരത്തിൽ പറഞ്ഞാൽ, കൂടുതൽ വ്യവസായങ്ങളുണ്ടാകുമ്പോൾ കൂടുതൽ തൊഴിൽ സാഹചര്യങ്ങളുണ്ടാകുന്നു; അതോടൊപ്പം ജനതയുടെ ജീവിതനിലവാരം ഉയരുകയുംചെയ്യുന്നു. അതുപോലെതന്നെ, നമുക്കാവശ്യമുള്ള വസ്തുക്കൾ നാം തന്നെ ഉല്പാദിപ്പിക്കുകയാണെങ്കിൽ, അവ മററു രാജ്യങ്ങളിൽനിന്നും നാം വാങ്ങേണ്ടതില്ല. അങ്ങിനെ വ്യവസായങ്ങൾ രാജ്യത്തിനുള്ളിൽതന്നെ വളർന്നാൽ നമുക്കു് നമ്മുടെ ഇറക്കുമതി ചുരുക്കാം. നമ്മുടെ വിഭവസമ്പത്തുക്കൾ നമ്മുടെ ജനതക്കു വേണ്ടിത്തന്നെ വിനിയോഗിക്കാം. നമ്മുടെ ആവശ്യങ്ങൾക്കു വേണ്ടി അന്യരാജ്യങ്ങളെ പൂർണ്ണമായും ആശ്രയിക്കേണ്ടതായി വരുകയുമില്ല. 1947 ആഗസ്റ്റ് 15-ാംനു നാം നേടിയെടുത്ത രാഷ്ട്രീയസ്വാതന്ത്ര്യം പോലെതന്നെ പ്രധാനമാണ്, ഉയർന്ന തോതിലുള്ള സാമ്പത്തിക സ്വാതന്ത്ര്യം.

നമ്മുടെ ഗ്രാമങ്ങളെ അഭിമുഖീകരിക്കുന്ന മറെറാരു പ്രശ്നവും ഇതോടൊപ്പം പരിഹൃതമാകും. അനേകം വ്യവസായങ്ങളുടെ അഭാവം മൂലം, നമ്മുടെ ഗ്രാമീണ ജനത ഉപജീവനമാർഗ്ഗമായി കൃഷിയെമാത്രം ആശ്രയിക്കുന്നതിനു് ഇന്നു നിർബ്ബന്ധിതമായിരിക്കുന്നു. ഇതിനർത്ഥം കൂടുതൽ കൂടുതൽ കുടുംബാംഗങ്ങൾക്കു് ഉപജീവനത്തിനായി ഒരേ കൃഷി

യിടത്തെത്തന്നെ ആശ്രയിക്കേണ്ടിവരുന്നുവെന്നതാണ്. അങ്ങിനെ, ഇൻഡ്യയിൽ, ജനസംഖ്യയുടെ വർദ്ധിച്ചുവരുന്ന സമ്മർദ്ദം കൃഷിഭൂമിയിലാണ്. വർഷാന്തരങ്ങളായി ഈ സമ്മർദ്ദം വർദ്ധിച്ചുവരികയാണ്, അതുകൊണ്ട് കർഷകർക്ക് മററു തൊഴിലുകൾ കാർഷികരംഗത്തിന് വെളിയിൽ നല്കുകയെന്നതു് പെട്ടെന്നു് നിറവേററപ്പെടേണ്ട ഒരാവശ്യമാണ്, ഇങ്ങനെയുള്ള കാർഷികേതര തൊഴിൽ സാഹചര്യങ്ങൾ വ്യാവസായികരംഗത്തു് കണ്ടെത്താം. വ്യവസായിക വികസനത്തിന് പ്രധാന്യം നൽകുന്നതുകൊണ്ട്, നാം നമ്മുടെ ഗ്രാമങ്ങളെ സംബന്ധിച്ച പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്തുകയാണ്.

ഒരു വ്യവസായം ഒരു പ്രത്യേക സ്ഥലത്ത് കേന്ദ്രീകൃതമായാൽ, അതുമായി ബന്ധപ്പെട്ട മററു ചില വ്യവസായങ്ങളും ആ പരിസരങ്ങളിൽ സ്ഥാപിക്കാം. ഇങ്ങനെ, നമ്മുടെ ഇന്നത്തെ പ്രയത്നങ്ങൾ ഭാവിയിൽ വ്യവസായിക വികസനത്തിനുള്ള ഒരു അടിത്തറയായിത്തീരും.

വ്യവസായങ്ങളിൽക്കൂടി മാത്രമെ നമ്മുടെ ഗ്രാമങ്ങളിലും നഗരങ്ങളിലും മെച്ചപ്പെട്ട ജീവിതം സാദ്ധ്യമാക്കിത്തീക്കാൻ കഴിയുകയുള്ളു. ധരിക്കുന്നതിനുള്ള വസ്ത്രം, നിമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ട സിമിൻറ്, ഭവനങ്ങൾക്കും തെരുവുകൾക്കും ഫാക്ടറികളുടെ പ്രവർത്തനത്തിനും വേണ്ട വിദ്യുച്ഛക്തി, സ്കൂട്ടറുകളും, ട്രക്കുകളും, ഗതാഗതാവശ്യങ്ങൾക്ക് റെയിൽവേവാഗണുകൾ, ജലസേചനാവശ്യങ്ങൾക്ക് പമ്പുകൾ, കൃഷിഭൂമിയിൽനിന്നും കൂടുതൽ വിളവുണ്ടാക്കുന്നതിന് വേണ്ട വളങ്ങൾ, നമ്മുടെ ഫാക്ടറികൾക്കുവേണ്ട യന്ത്രങ്ങൾ നിർമ്മിക്കുന്ന യന്ത്രങ്ങൾ, ടെലഫോൺ ഉപകരണങ്ങൾ, ടെലഫോൺ കമ്പികൾ, രോഗങ്ങളോട് പൊരുതുന്നതിന്

പെനിസിലിൻപോലുള്ള ഔഷധങ്ങൾ, വിശ്രമവേളയിലെ വിനോദത്തിനുവേണ്ടിയുള്ള ഗ്രാമഫോൺ റെക്കാർഡുകൾ, റേഡിയോകൾ, ഇവയെല്ലാംതന്നെ വ്യവസായവൽക്കരണത്തിന്റെ സംഭാവനകളാണ്. വ്യവസായവൽക്കരണമില്ലാതെ നമ്മുടെ ജീവിതനിലവാരം ഉയർത്തുന്നതിനു് സാദ്ധ്യമല്ലെന്നുള്ളതു് തികച്ചും വ്യക്തമാണ്.

എന്നാൽ, ഈ കാര്യങ്ങളെക്കാളെല്ലാം പ്രധാനമായതു്, നമ്മുടെ രാഷ്ട്രീയ സ്വാതന്ത്ര്യത്തെ പരിരക്ഷിക്കുകയെന്നതാണ്. നമ്മുടെ അതൃത്തികളെ സംരക്ഷിക്കുന്നതിനു് നാം പലപ്രകാരത്തിലും ശക്തരാകേണ്ടതുണ്ടു്. ആധുനികലോകത്തിൽ, ഒരു രാജ്യത്തിന്റെ പ്രതിരോധശേഷി, ആത്യന്തികമായി അതിന്റെ വ്യവസായികശേഷിയെ ആശ്രയിച്ചാണെന്ന വസ്തുത നിങ്ങൾ ഓർമ്മിക്കണം. ആയുധങ്ങൾ, സുശക്തമായ ഒരു നാവികസേന, കാര്യക്ഷമമായ ഒരു വ്യോമസേന, ഇവയെല്ലാം നമുക്കുണ്ടായിരിക്കണം. അതുകൊണ്ടു്, കപ്പലുകളും, വിമാനങ്ങളും, തോക്കുകളും മററു് ശക്തിയേറിയ ആയുധങ്ങളും നിർമ്മിക്കുന്ന വ്യവസായങ്ങൾ നമുക്കു നിർമ്മിക്കണം. ഇവയാണ് അടിസ്ഥാന വ്യവസായങ്ങൾ, അതുകൊണ്ടു് ഇൻഡ്യയുടെ വ്യവസായ മേപ്പിൽ (Industrial map) അവയ്ക്കും ഒരു സ്ഥാനമുണ്ടായിരിക്കണം. സ്വാതന്ത്ര്യലബ്ധിക്കു മുമ്പ്, നമ്മുടെ വ്യവസായങ്ങൾക്കു് പ്രതിരോധത്തിനുള്ള ഉപകരണങ്ങളും യന്ത്രങ്ങളും നിർമ്മിക്കുന്നതിനുള്ള ശേഷി ഇല്ലായിരുന്നുവെന്നുതന്നെ പറയാം. ഉപഭോഗസാധനങ്ങൾ നിർമ്മിക്കുന്ന ചില വ്യവസായങ്ങൾ നമുക്കുണ്ടായിരുന്നു. എന്നാൽ ഘനവ്യവസായങ്ങളും അടിസ്ഥാനവ്യവസായങ്ങളും വളരെകുറച്ചും. പഞ്ചവത്സരപദ്ധതികൾവഴി നാം ഈ വ്യവസായങ്ങൾ സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്.

## വ്യാവസായിക വികസനത്തിനു് മുമ്പ് എന്തെല്ലാം ആവശ്യമുണ്ടു്?

സമ്പത്തു് വ്യവസ്ഥയുടെ വിവിധ വിഭാഗങ്ങളിൽ ആസൂത്രണവും അവതമ്മിലുള്ള പരസ്പരബന്ധവും വ്യവസായ വികസനത്തിനു് ആവശ്യമാണ്. നമുക്കു് ഒരുദാഹരണം എടുക്കാം. കപ്പലുകൾ, റയിൽപാളങ്ങൾ, യുദ്ധാവശ്യങ്ങൾക്കുള്ള ടാങ്കുകൾ, കഷ്കർക്കുള്ള കലപ്പകൾ, തുണിവ്യവസായത്തിനോ, പഞ്ചസാരവ്യവസായത്തിനോ, മറേറതെങ്കിലും വ്യവസായങ്ങൾക്കോ ആവശ്യമുള്ള യന്ത്രങ്ങൾ, നിങ്ങളുടെ വീടിന്റെ ജനാലകൾക്കു വേണ്ട ഇരുമ്പഴികൾ, ഇങ്ങനെയുള്ള അനവധി സാധനങ്ങൾ നിർമ്മിയ്ക്കുന്നതിനു് നമുക്കു് ഉരുക്കു് ആവശ്യമാണു്. ശരിയാണു്, ഉരുക്കു് സമ്പത്തു് വ്യവസ്ഥയ്ക്കു് ശക്തി പ്രദാനംചെയ്യുന്നു, അതുകൊണ്ടു് നമുക്കതു് ഉണ്ടാക്കണം. എന്നാൽ, ഉരുക്കു് ഉല്പാദിപ്പിക്കുന്നതിനുവേണ്ട ഒരു ഘടകം സ്ഥാപിച്ചു് ഉരുക്കു് ഉല്പാദിപ്പിക്കുന്നതിനു് എത്ര വിശദമായ ആസൂത്രണമാണാവശ്യമെന്നു് നിങ്ങൾക്കറിയാമോ ?

## അസംസ്കൃത പദാർത്ഥങ്ങൾ.

ആദ്യമായി ഇരുമ്പയിർ നിക്ഷേപങ്ങൾ എവിടെല്ലാമാണെന്നു് കണ്ടുപിടിയ്ക്കണം. ഈ അസംസ്കൃതവസ്തു ഉരുക്കുല്പാദി

പ്പിയ്ക്കുന്നതിനു് യോഗ്യമാണോ എന്നു് വിദഗ്ദ്ധർ പരിശോധിയ്ക്കണം. അടുത്തായി, ഉരുക്കുല്പാദിപ്പിയ്ക്കുന്നതിനുപയോഗിയ്ക്കുന്ന ചൂളയുടെ പ്രവർത്തനത്തിനു വേണ്ടത്ര സുലഭമായി കല്ക്കരി ലഭിയ്ക്കണം. ഉരുക്കുവ്യവസായത്തെപ്പോലെ, മററുള്ള ഓരോ വ്യവസായത്തിനും അസംസ്കൃതസാധനങ്ങൾ ആവശ്യമാണു്. ഉരുക്കുവ്യവസായത്തിനു് ഇരുമ്പയിരും, കല്ക്കരിയും ചുണ്ണാമ്പുകല്ലും ആവശ്യമാണു്.

## മൂലധനം.

അതുപോലെതന്നെ, ഉല്പാദനത്തിനു വേണ്ട യന്ത്രങ്ങൾ സ്ഥാപിയ്ക്കുന്നതിനു് വേണ്ട പണം ഉണ്ടാകണം. ഇരുമ്പയിർ വാങ്ങുന്നതിനും, തൊഴിലാളികൾക്കു് കൂലി നൽകുന്നതിനും, ട്രാൻസ്പോർട്ടു് ചെലവുകൾക്കു വേണ്ടിയും, യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനും ഈ പണം വിനിയോഗിയ്ക്കുന്നു. ഇവയ്ക്കെല്ലാം വേണ്ടത്ര പണം ഉണ്ടാകണം. ഈ ആവശ്യങ്ങൾക്കായി വിനിയോഗിയ്ക്കുന്ന പണമാണു് 'മൂലധനം.'

## സാങ്കേതിക പരിജ്ഞാനം.

എന്നാൽ അസംസ്കൃതസാധനങ്ങളും മൂലധനവും മാത്രം പോരാ. യുഗങ്ങളായി ഭൂഗർഭത്തിൽ ഇരുമ്പുനിക്ഷേപമുണ്ടു്. മുൻകാലങ്ങളിലും ധനികരുണ്ടായിരുന്നു. എന്നാൽ അന്നു് വ്യവസായങ്ങൾ വേണ്ടത്ര വികസിച്ചതുമില്ല. എന്താണതിൻെറ കാരണം ? ഒരു മിനുട്ടു് നിങ്ങൾ ചിന്തിയ്ക്കുമെങ്കിൽ, പെട്ടന്നു് നിങ്ങൾക്കു മനസ്സിലാകും, ഇരുമ്പു്–ഉരുക്കു വ്യവസായങ്ങൾക്കു് അന്നു് വികസിക്കാൻ കഴിയുമായിരുന്നില്ലായെന്നു്. അതിൻെറ കാരണം, ഇരുമ്പയിരിൽനിന്നു് വൻതോതിൽ ഉരുക്കു് ഉല്പാദിപ്പിയ്ക്കുന്നതിനുള്ള പരിജ്ഞാനം അന്നു നമുക്കില്ലായിരുന്നു എന്നതാവാം. സാങ്കേതികപരി

ജ്ഞാനത്തിൽ നമുക്കു് ചില കുറവുകളുണ്ടു്. ശാസ്ത്രം വളൎന്നതോടുകൂടി ചില പുതിയ ആശയങ്ങൾ രൂപംകൊണ്ടു. അതോടുകൂടി കണ്ടുപിടുത്തങ്ങൾ ഉണ്ടായി. ഈ ശാസ്ത്രീയ പരിജ്ഞാനം ഉപയോഗപ്പെടുത്തി, വൻപിച്ച ഉരുക്കനിൎമ്മാണശാലകൾ സ്ഥാപിയ്ക്കുന്നതിനു് ഇന്നു് നമുക്ക സാധിയ്ക്കും. ശാസ്ത്രത്തിൻെറ അടിസ്ഥാനത്തിൽ വ്യവസായങ്ങളുടെ പ്രവൎത്തനത്തെ സംബന്ധിച്ചുള്ള അറിവാണു് സാങ്കേതികപരിജ്ഞാനം.

## അദ്ധ്വാനം.

ഏററവും പ്രധാനമായ ഘടകം ഇനിയും അവശേഷിയ്ക്കുന്നു. അതു് നിങ്ങളാണു്; തൊഴിലാളികൾ. സജീവ പങ്കാളികളായി തങ്ങളോടൊത്തു പ്രവൎത്തിയ്ക്കാൻ നിങ്ങളില്ലെങ്കിൽ, നിൎജ്ജീവമായ യന്ത്രങ്ങളെക്കൊണ്ടു് മുതലുടമയ്ക്കു് എന്തു ചെയ്യാൻ കഴിയും? കാൎയ്യം വ്യക്തമാണു്, അവക്കു ഒന്നും ചെയ്യാൻ കഴിയുകയില്ല. അതുകൊണ്ടു്, ഒരു വ്യവസായത്തിലെ ഏററവും പ്രധാനമായ ഘടകം തൊഴിലാളികളാണു്. ഭാഗ്യാതിരേകത്താൽ, നമുക്കിന്നു് ഇൻഡ്യയിൽ വേണ്ടത്ര തൊഴിലാളികളുണ്ടു്. എങ്കിലും മൂലധനവും സാങ്കേതികപരിജ്ഞാനവും നമുക്കു് താരതമ്യേന കുറവാണു്.

## അനുഗുണമായ കാലാവസ്ഥ.

എന്നാൽ ഇവ മാത്രമല്ല. വ്യവസായസമാധാനത്തിൻെറതായ ഒരു കാലാവസ്ഥകൂടി വേണം. വ്യവസായ സമാധാനത്തിൻെറ അഭാവത്തിൽ വ്യവസായം അഭിവൃദ്ധിപ്പെടുകയില്ല. തൊഴിലാളികൾ സംതൃപ്തരല്ലെങ്കിൽ പണിമുടക്കുകൾ നടത്താൻ അവർ നിൎബ്ബന്ധിതരായേക്കാം. അപ്പോൾ തൊഴിലാളികൾക്കു് കൂലി നഷ്ടപ്പെടുന്നു, ഉടമയ്ക്കു് ലാഭം കുറയുന്നു, പണിമുടക്കുകാലത്തു് ഉല്പാദനം നിലയ്ക്കുകയും ചെയ്യുന്നു. ആ പരിധിവരെ, വ്യവസായം ഒന്നാകെ ക്ലേശം

അനുഭവിയ്ക്കുന്നു. അതുകൊണ്ടു് വ്യവസായം അഭിവൃദ്ധിപ്പെടണമെങ്കിൽ സൗമനസ്യത്തിൻെറയും പരസ്പരധാരണയുടെയുമായ ഒരന്തരീക്ഷം നിലനില്ക്കേണ്ടതു് അത്യന്താപേക്ഷിതമാണു്. ഈ സൗമനസ്യമില്ലാത്തിടത്തു്, പരാതികൾ തലയുയർത്തുന്നു, തെററിദ്ധാരണകളുണ്ടാവുന്നു. ചിലപ്പോൾ അക്രമാസക്തി പടൎന്നുപിടിയ്ക്കാം, അന്തരീക്ഷം ഒന്നാകെ രോഷംമൂലം മലിനമായെന്നുംവരാം.

**വിപണി.**

ഞാൻ ഒരുദാഹരണംപറയാം. എല്ലാ കാൎയ്യങ്ങളും ഉചിതമായതരത്തിൽ നിലവിലുള്ള ഒരു വ്യവസായമുണ്ടു്. അസംസ്കൃതപദാൎത്ഥങ്ങൾ സുലഭമാണു്, മൂലധനം വേണ്ടതിലധികം, ധാരാളം തൊഴിലാളികളുമുണ്ടു്. സാങ്കേതികപരിജ്ഞാനമാണെങ്കിൽ നല്ലതുതന്നെ, ഉടമകളും തൊഴിലാളികളും തമ്മിൽ സ്വരച്ചേർച്ചയുള്ള ബന്ധവും. ഉല്പാദനം വൎദ്ധിച്ചതോതിൽ നടക്കുന്നുമുണ്ടു്. എന്നാൽ ഈ ഉല്പന്നങ്ങൾ വാങ്ങുവാൻ ഒരുത്തരുമില്ല. അങ്ങിനെയുള്ള ഒരു വ്യവസായത്തിനു് എന്തു സംഭവിയ്ക്കും? അങ്ങിനെയുള്ള ഒരു വ്യവസായം തുടങ്ങാൻതന്നെ സാദ്ധ്യമാണോ?

ആരുംതന്നെ മദ്ധ്യാഫ്രിക്കയിൽ ഒരു റയൺ ഫാക്ടറി തുടങ്ങുകയില്ല, കാരണം അവിടെയുള്ളവർ അത്തരത്തിലുള്ള തുണി ആവശ്യമുള്ളവരല്ല. മാംസാഹാരങ്ങൾ പാകപ്പെടുത്തി വില്ക്കുന്ന ഒരു വ്യവസായം, സസ്യഭുക്കുകൾ മാത്രം നിവസിക്കുന്ന ഒരു പ്രദേശത്തു് തുടങ്ങുന്നതിനു് ആരും തുനിയുകയില്ല. അപ്പോൾ പ്രശ്നത്തിൻെറ കാതലായ ഭാഗം, ഉല്പന്നങ്ങൾക്കുള്ള ആവശ്യമാണു്. വിപണിയിൽ വിപുലമായ വില്പനസാദ്ധ്യതയുള്ള ഉല്പന്നങ്ങൾ നിൎമ്മിക്കുന്ന വ്യവസായങ്ങൾ മാത്രമെ തുടങ്ങാൻ കഴിയു. ഉരുക്കിനുള്ള ആവശ്യം

ലോകവ്യാപകമാണ്. അതുകൊണ്ടു ഉരുക്കുവ്യവസായത്തിൻെറ വികസനത്തിന് സാദ്ധ്യതകളുണ്ടാകും.

## ഗവണ്മൻറിൽ നിന്നുള്ള സഹായം

വ്യാവസായിക വികസനത്തെ സഹായിക്കുന്ന ഒരു കാര്യം കൂടിയുണ്ട്. അത് ഗവണ്മൻറിൽ നിന്നുള്ള സഹായമാണ്. ഗവണ്മെൻറിൻെറ ലക്ഷ്യം ജനതയുടെ ക്ഷേമമാണ്. ഈ ലക്ഷ്യം മുന്നിൽവച്ചുകൊണ്ടു് ഗവ. വ്യാവസായിക വികസനത്തിനുള്ള പദ്ധതികൾ തയ്യാറാക്കുന്നു, പുതിയ വ്യവസായങ്ങൾ ആരംഭിയ്ക്കുന്നതിനുവേണ്ട എല്ലാവിധ സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നു. യുക്തമായ മേഖലകളിൽ വ്യവസായങ്ങൾക്ക് വളരുന്നതിനു എളുപ്പമായ രീതിയിലാണ് നിയമനിർമ്മാണം നടത്തുന്നതു്.

അതുപോലെതന്നെ, കൂടുതൽ കൂടുതൽ വ്യക്തികൾ സന്നദ്ധരായി മുന്നോട്ടുവന്നാൽ വ്യാവസായിക വികസനം എളുപ്പമായിത്തീരുന്നു. ഏതെങ്കിലും ഒരു പ്രത്യേക വ്യവസായം ഇപ്പോൾ അതിൻെറ ബാല്യദശയിലാണെങ്കിൽ, അത് ബാല്യദശയിലെത്തുന്നതിനു് മുമ്പുതന്നെ മുതിപ്പെട്ടുന്നതിനുള്ള സാദ്ധ്യതയുണ്ടാകാം. തുറന്ന വിപണിയിലുണ്ടാകുന്ന മത്സരത്തെ അഭിമുഖീകരിയ്ക്കുന്നതിനു് ശേഷിയുണ്ടാകുന്നതുവരെ, ഇത്തരത്തിലുള്ള വ്യവസായങ്ങളെ സംരക്ഷിയ്ക്കേണ്ടതുണ്ടു്. എന്നാൽ ആദ്യമായി സാഹസിക ബുദ്ധിയോടെ ലാഭനഷ്ട സാദ്ധ്യതകളെ വിലയിരുത്തി മുതൽ മുടക്കുന്നതിനു് തയ്യാറായി ചിലർ മുന്നോട്ടു വരേണ്ടതുണ്ട്. വ്യവസായം തുടങ്ങുകയെന്നതു് ഒരു സാഹസികോദ്യമമാണ്.

ചുരുക്കിപ്പറഞ്ഞാൽ, താഴെക്കൊടുത്തിരിയ്ക്കുന്ന എട്ടു മുന്നുപാധികൾ ത്വരിതഗതിയിലുള്ള വ്യാവസായിക വികസനത്തിനു് ഏതൊരു രാജ്യത്തിനും ഉണ്ടാകേണ്ടതുണ്ട്.

(i) പ്രകൃതി വിഭവങ്ങൾ

(ii) മൂലധനം

(iii) സാങ്കേതിക പരിജ്ഞാനം

(iv) വേണ്ടത്ര തൊഴിലാളികൾ

(v) വ്യവസായ സമാധാനം

(vi) വിപുലമായ വിപണന സാദ്ധ്യത

(vii) ഗവണ്മെൻറിൽ നിന്നുള്ള സഹായം

(viii) സാഹസികോദ്യമങ്ങൾക്കു വേണ്ട മനോഭാവം.



# ഇൻഡ്യയുടെ വ്യവസായ വികസനം

പഴയ കാലങ്ങളിൽ, വ്യാവസായികമായി മുന്നണിയിൽ നിന്നിരുന്ന രാജ്യങ്ങളിൽ ഒന്നായിരുന്നു ഇൻഡ്യ എന്ന വസ്തുത, നിങ്ങൾ ഒരുപക്ഷെ മനസ്സിലാക്കിയിരിക്കും. ഡാക്കാ മസ്ലിൻ, കാശ്മീരിൽ നിർമ്മിക്കപ്പെട്ടിരുന്ന പരവതാനികൾ, വാരാണസിയിലെ പിച്ചളപ്പാത്രങ്ങൾ, മുർഷിതബാദിലെ ദന്തനിർമ്മിത വസ്തുക്കൾ, മുതലായവ ലോകപ്രശസ്തങ്ങളായിരുന്നു. ഈ വസ്തുക്കൾ പശ്ചിമരാജ്യങ്ങളിലേക്കു കയററി അയയ്ക്കപ്പെട്ടിരുന്നു.

1762–1820 കാലഘട്ടത്തിൽ പുതിയ ചില കണ്ടുപിടുത്തങ്ങൾ ഇംഗ്ലണ്ടിൽ ഒരു 'പുതിയ കാലം' സൃഷ്ടിച്ചു. പുതിയ ആശയങ്ങളുടെയും കണ്ടുപിടുത്തങ്ങളുടെയും ഒരു വേലിയേററംതന്നെ ആ കാലഘട്ടത്തിൽ ഇംഗ്ലണ്ടിൽ ഉണ്ടായി. ആവിയന്ത്രങ്ങൾ, സ്പിന്നിംഗ്ജന്നി, പവർലൂം, വാട്ടർഫ്രെയിം മുതലായ യാന്ത്രികോപകരണങ്ങൾ ആ കാലഘട്ടത്തിൽ കണ്ടുപിടിക്കപ്പെട്ടു. ഈ കണ്ടുപിടുത്തങ്ങൾ, ഇംഗ്ലണ്ടിൽ ഒരു വ്യവസായ വിപ്ലവത്തിന്നു് നിദാനമായി. അവ ഉൽ

പാദനരീതികളെ പാടെ മാററി. ഫാക്ടറികൾ നിലവിൽ വന്നു. സാധനങ്ങളുടെ ഉല്പാദനം വൻപിച്ച തോതിൽ നടക്കുവാൻ തുടങ്ങി. ഇംഗ്ലണ്ടിലെ ഈ വ്യവസായ വിപ്ലവത്തിന്, ഇൻഡ്യയുടെ ഗ്രാമചെറുകിട വ്യവസായങ്ങളെ സംബന്ധിച്ചേടത്തോളം ദൂരവ്യാപകങ്ങളായ ഫലങ്ങളാണുണ്ടായിരുന്നത്. എന്തു സംഭവിച്ചുവെന്നു നിങ്ങൾക്കറിയാമോ? ഇൻഡ്യയുടെ സാമ്പത്തിക വളർച്ചക്ക് വിഘാതം നേരിട്ടു. കൈത്തൊഴിലുകൾ തകന്നു. കൂടുതൽ കൂടുതൽ ആളുകൾ കൃഷിയെ ആശ്രയിക്കുന്നതിനു് നിർബന്ധിതരായി. പെട്ടെന്നു് ഇൻഡ്യ, അസംസ്കൃത സാധനങ്ങൾ ഉല്പാദിപ്പിക്കുന്ന ഒരു രാജ്യമായി മാറി; ആവശ്യമായ സാധനങ്ങൾ ഇറക്കുമതി ചെയ്യുവാനും തുടങ്ങി.

1853-ൽ, ബോംബെയിൽനിന്നു് ഥാനയ്ക്കും റാണിഗഞ്ചിൽനിന്നു് കൽക്കത്തയ്ക്കുമുള്ള റയിൽവെ നിർമ്മിക്കപ്പെട്ടു. ഇതോടുകൂടി ഇൻഡ്യയിൽ വൻകിടവ്യവസായങ്ങൾ സ്ഥാപിക്കുന്നതിനുള്ള ചെറിയതോതിലുള്ള സംരംഭങ്ങളുമുണ്ടായി. അടുത്തവഷം, ബോംബയിൽ ഒരു തുണിമില്ലും, കല്ക്കത്തയിൽ ഒരു ചണമില്ലും സ്ഥാപിക്കപ്പെട്ടു. ആസ്സാമിൽ, 1860-ൽ തേയിലത്തോട്ടങ്ങൾ സ്ഥാപിക്കപ്പെട്ടു; 1908-ൽ ജാംഷഡ്പൂരിലെ 'ടാററാ' ഉരുക്കുനിർമ്മാണശാലയും. എങ്കിലും ത്വരിതഗതിയിലുള്ള വ്യവസായവല്ക്കരണത്തിൽ വലിയ പുരോഗതിയൊന്നും നേടിയില്ല. എൻജനീയറിംഗ് വ്യവസായത്തിലെ ഉല്പന്നങ്ങൾക്കും, മററു ഉപകരണങ്ങൾക്കും ഇൻഡ്യയ്ക്കു് മററു രാജ്യങ്ങളെ ആശ്രയിക്കേണ്ടിയിരുന്നു.

1914-ൽ ആരംഭിച്ച ഒന്നാംലോകമഹായുദ്ധം, ഈ രാജ്യത്തിൻെറ വ്യാവസായികവികസനത്തിനു് അസുലഭങ്ങളായ അവസരങ്ങൾ നൽകി. യുദ്ധംമൂലം വിദേശങ്ങളിൽ നിന്നുള്ള ഇറക്കുമതി പരിമിതപ്പെടേണ്ടതായിവന്നു. ആഭ്യ

ന്തരോല്പാദനസംരംഭങ്ങൾക്കു് കൂടുതൽ പ്രാധാന്യം നൽകേണ്ടതായും വന്നു. ഗവണ്മെൻറ് ഈ സ്ഥിതിവിശേഷത്തെ നേരിടുന്നതിനു്, ചില കമ്മീഷനുകളെ നിയമിച്ചു. 1916ൽ ഇൻഡ്യൻ വ്യവസായകമ്മീഷനെ നിയമിച്ചു. ഇൻഡ്യൻ ധനകാര്യകമ്മീഷൻ 1922ലും നിയമിക്കപ്പെട്ടു. തിരഞ്ഞെടുക്കപ്പെട്ട ചില വ്യവസായങ്ങൾക്കു് 'സംരക്ഷണം' നൽകുകയെന്ന നയം സ്വീകരിക്കപ്പെട്ടു. കടലാസ്സു്, സിമൻറ്, ഗ്ലാസ്സു്, തീപ്പെട്ടി, പഞ്ചസാര, വൈദ്യുതസാധനങ്ങൾ ഇവ ഉല്പാദിപ്പിക്കുന്ന വ്യവസായങ്ങൾക്കു് 'വിവേചനാത്മകമായ സംരക്ഷണ'വും നൽകപ്പെട്ടു. അങ്ങിനെ വ്യാവസായികവികസനത്തിൻെറ ഒരു പുതിയ അദ്ധ്യായം തുറക്കപ്പെട്ടു.

1939-ൽ ആരംഭിച്ച രണ്ടാംലോകമഹായുദ്ധം, ഇൻഡ്യയുടെ വ്യാവസായികവികസനത്തിന്നു് കൂടുതൽ സാദ്ധ്യതകൾ സംഭാവനചെയ്തു. ജപ്പാൻ യുദ്ധത്തിൽ പ്രവേശിച്ചതോടെ, ഇൻഡ്യ ഒരു യുദ്ധത്താവളമായി മാറി. അങ്ങിനെ, ഇൻഡ്യ ഒരു സപ്ലൈകേന്ദ്രമായിത്തീൻു. ഈ സ്ഥിതിവിശേഷത്തെ നേരിടുന്നതിനു്, പുതിയ ഫാക്ടറികൾ ആരംഭിച്ചു, പഴയവ വിപുലീകരിക്കപ്പെട്ടു, കൂടുതൽ ഷിഫ്ടുകൾ നടപ്പിലാക്കി. 1941-ൽ ബാംഗളൂരിലെ ഹിന്ദുസ്ഥാൻ എയർക്രാഫ്ടു് എന്ന സ്ഥാപനം ആദ്യത്തെ വിമാനം സംയോജിപ്പിച്ചു. ഔഷധങ്ങൾ, തുകൽസാധനങ്ങൾ, രാസസാധനങ്ങൾ മുതലായവ നിമ്മിക്കുന്ന വ്യവസായങ്ങളും ഉണ്ടായി. യുദ്ധകാലത്തു് നമ്മുടെ കയററുമതി ഗണ്യമായി വദ്ധിച്ചു എങ്കിലും ഒരു യാഥാത്ഥ്യം അവശേഷിച്ചു. സ്വാതന്ത്ര്യലബ്ധിസമയത്തു് ഭാരതം വ്യാവസായികമായി വേണ്ടത്ര വികസിച്ചിട്ടില്ലായിരുന്നു.

നമുക്കു് കൽക്കരിയും, ഇരുമ്പയിരും വേണ്ടത്രയുണ്ടായിരുന്നുവെങ്കിലും, ഉരുക്കുവ്യവസായം അതിൻെറ ബാല്യ

ദശയിൽതന്നെയായിരുന്നു. നമുക്ക് വിദ്യുച്ഛക്തി ഉല്പാദിപ്പിയ്ക്കുന്നതിനു് വേണ്ടത്ര സാദ്ധ്യതകളുണ്ടായിരുന്നുവെങ്കിലും, നദീതടപദ്ധതികളിൽനിന്നുള്ള വിദ്യുച്ഛക്തി ഉല്പാദനം തികച്ചും അഗണ്യമായിരുന്നു. ജനസംഖ്യയിൽ രണ്ടുശതമാനംപോലും വ്യവസായങ്ങളെ ആശ്രയിച്ചു ജീവിച്ചിരുന്നില്ല; 80 ശതമാനത്തോളം കൃഷിയിൽനിന്നു് ഉപജീവനം നേടി.

1947-ൽ ഇന്ത്യ സ്വതന്ത്രയായി; അതോടൊപ്പം ഭാരതവിഭജനവും നടന്നു. ചണ, പരുത്തി മുതലായ നാണയവിളകൾ ഉല്പാദിപ്പിക്കുന്ന പ്രദേശം പാകിസ്ഥാനിലായി; എന്നാൽ ചണമില്ലുകൾ കൽക്കത്തായിലും, അഹമ്മദാബാദിലെ തുണിമില്ലുകൾക്കു് ഏകദേശം 10 ലക്ഷം ബെയിൽ പരുത്തിയോളം പാകിസ്ഥാനിലുള്ള പ്രദേശങ്ങളിൽനിന്നു് ലഭിച്ചിരുന്നു. ചണവ്യവസായത്തിനുവേണ്ട ചണം കൂടിയ വിലക്കു് പാക്കിസ്ഥാനിൽനിന്നും ഇറക്കുമതി ചെയ്യേണ്ടതായിവന്നു. ഗോതമ്പും നെല്ലും വിളയുന്ന പ്രദേശങ്ങളും പാകിസ്ഥാനിൽ ആയി. അങ്ങിനെ ഭാരതം ഭക്ഷ്യക്കമ്മിയും നേരിടേണ്ടതായിവന്നു. ജലസേചനസൗകര്യങ്ങളുള്ള ഭൂവിഭാഗത്തിൽ നല്ലൊരു ഭാഗവും പാകിസ്ഥാൻ പ്രദേശത്തായി.

യുദ്ധകാലത്തുണ്ടായ അമിതപ്രവർത്തനംമൂലം ഫാക്ടറികളിലെ യന്ത്രസാമഗ്രികൾക്കു കൂടുതൽ തേയ്മാനം സംഭവിച്ചു. വേണ്ടത്ര മൂലധനവും സാങ്കേതിക പരിജ്ഞാനവും ലഭ്യമല്ലാതായി.

ഈ വൈഷമ്യങ്ങളെ തരണംചെയ്യുന്നതിനു് ക്രമമായ പ്രയത്നവും ആസൂത്രണവും ആവശ്യമായിതീൎന്നു. കൂടുതൽ

ആളുകൾക്കു് തൊഴിൽ സൗകര്യങ്ങൾ നൽകുന്നതിനും, മെച്ചപ്പെട്ട കൂലി സമ്പാദിക്കുന്നതിനും, വിവിധങ്ങളായ ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനും, വ്യവസായങ്ങൾവികസിപ്പിക്കുകയെന്നതാണു് ആദ്യമായി ചെയ്യേണ്ടതു്. ഈ അവസ്ഥ നേരിടുന്നയിനു് 1948 ഏപ്രിൽ 6–ാംനു ഗവർമ്മെൻറ് 'വ്യവസായനയപ്രമേയം' അവതരിപ്പിച്ചു. ഈ പ്രഖ്യാപനപ്രകാരം പൊതുമേഖലയിലെയും, സ്വകാര്യമേഖലയിലെയും വ്യവസായങ്ങൾ നിർണ്ണയിക്കപ്പെട്ടു. 1950–ൽ ആസൂത്രിത വികസനത്തിനുള്ള രൂപരേഖ തയ്യാറാക്കുന്നതിനു് പ്ലാനിംഗ് കമ്മീഷനെ നിയമിച്ചു.

## ഇൻഡ്യയുടെ വ്യവസായിക സംവിധാനം

ഇൻഡ്യയുടെ സമ്പത്ത് വ്യവസ്ഥയിൽ ഒരു ചെറിയ വിഭാഗം മാത്രമാണ് വ്യവസായങ്ങൾ; എങ്കിലും അവക്ക് വൻപിച്ച വൈവിധ്യങ്ങളുണ്ട്. ഇൻഡ്യയുടെ വ്യവസായഘടനയുടെ സവിശേഷതകൾ താഴെ പറയുന്നവയാണ്.

### (i) വൈവിദ്ധ്യം.

അത് (നമ്മുടെ വ്യവസായഘടന) തികച്ചും വിവിധമണ്ഡലങ്ങളിൽ പ്രവർത്തിക്കുന്നവയാണ്. മുൻകാലങ്ങളിൽ ഉപഭോക്തൃ വ്യവസായങ്ങൾ, തുണിവ്യവസായം, ചണം, പഞ്ചസാര മുതലായവ കൂടുതൽ ഉണ്ടായിരുന്നു. മൂലധനവ്യവസായങ്ങൾ, ഇരുമ്പ്, ഉരുക്ക്, രാസവ്യവസായം മുതലായവ കുറവും. ഈ വിടവ് നികത്തുന്നതിന് പഞ്ചവത്സരപദ്ധതികളിലൂടെ ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വളരെയധികം അടിസ്ഥാനവ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ നമുക്ക് പല ഘനവ്യവസായങ്ങളും നിലവിലുണ്ട്. ഉരുക്കുവ്യവസായം, അലുമിനിയം വ്യവസായം, യന്ത്രനിർമ്മാണവ്യവസായം, യന്ത്രോപകരണ നിർമ്മാണവ്യവസായം, കപ്പൽ-

നിർമ്മാണം മുതലായവ. ഉപഭോക്തൃ വ്യവസായങ്ങളും വളരെയധികമുണ്ട്, തുണിമിൽ, പുകയില, ചായ, പഞ്ചസാര, മുതലായ വ്യവസായങ്ങൾ.

## (ii) സഹവർത്തിത്വം.

നമ്മുടെ വ്യാവസായികഘടനയുടെ മറെറാരു പ്രത്യേകസ്വഭാവവിശേഷമാണ് വൻകിട വ്യവസായങ്ങളും ചെറുകിട വ്യവസായങ്ങളും തമ്മിലുള്ള സഹവർത്തിത്വം. ചെറുകിട ഗ്രാമവ്യവസായങ്ങൾ നമ്മുടെ സമ്പത്ത് വ്യവസ്ഥയിൽ വളരെ കാലങ്ങളായി പ്രധാനങ്ങളായിരുന്നു, തൊഴിലിലും ഉല്പാദനത്തിലും ഇപ്പോഴും അവ പ്രധാനങ്ങളായിത്തന്നെ തുടരുന്നു. നമ്മുടെ വ്യാവസായിക വികസന പരിപാടികളിൽ അവയ്ക്കു് നിശ്ചിതമായ ഒരു സ്ഥാനം ഉണ്ടായിരിക്കുകയും ചെയ്യും.

## (iii) പ്രാദേശികമായി സമതുലനാവസ്ഥയില്ല.

വ്യവസായസ്ഥാപനങ്ങളുടെ കേന്ദ്രീകരണം പലപ്പോഴും, പ്രാദേശികാടിസ്ഥാനത്തിൽ നോക്കിയാൽ ശരിയായിട്ടുള്ളതല്ല. മുൻകാലങ്ങളിൽ വ്യവസായങ്ങൾ ബോംബെ, കൽക്കത്ത മുതലായ കടൽത്തീരപ്രദേശങ്ങളിൽ കേന്ദ്രീകരിച്ചിരുന്നു. പിന്നീട്, ജാംഷഡ്പൂർ, കാൺപൂർ, ഷോലാപൂർ, അഹമ്മദാബാദ് മുതലായ ഉൾനാടൻ പ്രദേശങ്ങളിലേക്കു് വ്യാപിച്ചു. എങ്കിലും ചില പ്രത്യേക പ്രദേശങ്ങളിൽ വ്യവസായങ്ങൾ കേന്ദ്രീകരിക്കുകയെന്നുള്ള പ്രവണത തുടന്നുകൊണ്ടേയിരുന്നു. ഇതിൻെറ ഫലമായി ചില പ്രദേശങ്ങൾ മററു പ്രദേശങ്ങളെക്കാൾ കൂടുതൽ വികസിച്ചു. നമ്മുടെ പഞ്ചവത്സരപദ്ധതികളിൽ പ്രാദേശികാടിസ്ഥാനത്തിലുള്ള വ്യവസായ വൽക്കരണത്തിനുള്ള ശ്രമങ്ങൾ അട

ങ്ങിയിട്ടുണ്ട്. ഈ പ്രാദേശിക വ്യത്യാസങ്ങൾ ക്രമേണ നികത്തപ്പെട്ടു വരികയാണ്. അവികസിത പ്രദേശങ്ങളുടെ അവകാശങ്ങൾ പരിഗണിയ്ക്കപ്പെടുന്നുണ്ട്. ഒറീസയെപ്പോലുള്ള സംസ്ഥാനങ്ങൾ നമ്മുടെ വ്യാവസായിക ഭൂപടത്തിൽ സ്ഥാനം പിടിച്ചിരിയ്ക്കുന്നു.

## (iv) മിശ്രസമ്പത്ത് വ്യവസ്ഥ

ഒരു മിശ്രസമ്പത്ത് വ്യവസ്ഥ നിലവിലുള്ള ഇൻഡ്യയിൽ, വ്യവസായങ്ങൾ നടത്തുന്നതും നിയന്ത്രിക്കുന്നതും രണ്ടു ഘടകങ്ങളാണ്; സ്വകാര്യ ഉടമകളും, ഗവണ്മെൻറും, അങ്ങിനെ, നമ്മുടെ വ്യാവസായിക വികസനത്തിനു രണ്ട് വിഭാഗങ്ങളുണ്ട്. സ്വകാര്യ മേഖലയും, പൊതുമേഖലയും ഇവ കൂടാതെ, ചില വ്യവസായങ്ങൾ സഹകരണ മേഖലയിലും ഉണ്ട്. ധനസഹായം, വിദ്യുച്ഛക്തി മുതലായവ നൽകി സഹകരണവിഭാഗത്തെ ഗവണ്മെൻറ് വളരെയധികം സഹായിക്കുന്നുണ്ട്. ചുരുക്കത്തിൽ നമുക്ക് വ്യാവസായിക രംഗത്ത്, സ്വകാര്യമേഖല, പൊതുമേഖല, സഹകരണമേഖല എന്നീ മൂന്നു മേഖലകളുണ്ട്.

## (v) ഘടന

നമ്മുടെ വ്യവസായ ഘടനയുടെ മററൊരു സവിശേഷത, സംഘടനാ രൂപങ്ങളിലുള്ള വൈവിദ്ധ്യമാണ്. പബ്ലിക്‌ലിമിററഡ് കമ്പനികൾ, പ്രൈവററ് ലിമിററഡ് കമ്പനികൾ, പങ്കാളിത്ത സ്ഥാപനങ്ങൾ, ഏക ഉടമസ്ഥതാ സമ്പ്രദായം മുതലായ രൂപഭേദങ്ങൾ സ്വകാര്യ വിഭാഗത്തിലുണ്ട്. വിദേശികൾ നടത്തുന്ന വ്യവസായ സ്ഥാപനങ്ങളും ഉണ്ട്. അവയിൽ ഇൻഡ്യക്കാരുമായി സഹകരിച്ചും അല്ലാതെയും നടത്തുന്നവയുണ്ട്.

പൊതുവിഭാഗത്തിലുള്ള ചില സ്ഥാപനങ്ങൾ, ചിത്തരഞ്ജൻ ലോക്കോ മോട്ടിവ് വർക്കസ്, ഇൻറഗ്രൽ കോച്ച് ഫാക്ടറി മുതലായവ ഗവണ്മെൻറ് ഡിപ്പാർട്ടുമെൻറിനാൽ തന്നെ ഭരിക്കപ്പെടുന്നു. ചിലവ, കോർപ്പറേഷനുകൾ നിയന്ത്രിക്കുന്നു. മററുചിലവ നിയമനിർമ്മാണംമൂലം നിലവിൽവന്നിട്ടുള്ളവയാണ്. എങ്കിലും, ഭൂരിഭാഗവും കമ്പനി നിയമപ്രകാരം റജിസ്റ്റർ ചെയ്തിട്ടുള്ള ജോയിൻറ് സ്റ്റോക് കമ്പിനികളാണ്. അടുത്തകാലത്തായി, പൊതുമേഖലയിൽ ചില വൻകിട സ്ഥാപനങ്ങളും ഉണ്ടായിട്ടുണ്ട്. ഹിന്ദുസ്ഥാൻ സ്റ്റീൽ, ഹെവി ഇൻജിനീയറിംഗ് കോർപ്പറേഷൻ, ഹെവി എലക്ട്രിക്കൽസ്, മുതലായവയാണ് ഈ സ്ഥാപനങ്ങൾ.

## തൊഴിൽ സൗകര്യങ്ങൾ

ഇൻഡ്യയിൽ ആസൂത്രിത വികസന കാലഘട്ടത്തിനു മുൻപ്, സംഘടിത വ്യവസായങ്ങൾ ചെറിയ തോതിലുള്ള പുരോഗതി മാത്രമെ നേടിയിട്ടുള്ളു. ഫാക്ടറികളിൽ പണി ലഭിച്ചിട്ടുള്ള തൊഴിലാളികളുടെ എണ്ണത്തിൽ ഈ വസ്തുത പ്രതിഫലിക്കുന്നുണ്ട്. ഖനനം ഉൾപ്പെടെ ഫാക്ടറികളിലെ ജോലിക്കാരുടെഎണ്ണം 1900-ൽ 5ലക്ഷമായിരുന്നു. 1940-ൽ 22 ലക്ഷവും, 1950-ൽ 30 ലക്ഷവും. രണ്ടാം പദ്ധതിക്കാലത്ത് ഇതു് കൂടതൽ വേഗത്തിൽ വർദ്ധിച്ചു.

| വർഷം | ശരാശരി പ്രതിദിനം ഉണ്ടായിരുന്ന തൊഴിലാളികൾ (ലക്ഷക്കണക്കിനു്) |
|---|---|
| 1950 | 29 . 6 |
| 1951 | 29 . 1 |
| 1952 | 30 . 2 |

| വർഷം | ശരാശരി പ്രതിദിനം ഉണ്ടായിരുന്ന തൊഴിലാളികൾ (ലക്ഷക്കണക്കിനു്) |
|---|---|
| 1953 | 29 . 7 |
| 1954 | 30 . 4 |
| 1955 | 31 . 1 |
| 1956 | 34 . 0 |
| 1957 | 34 . 8 |
| 1958 | 34 . 1 |
| 1959 | 36 . 4 |
| 1960 | 37 . 6 |

ഈ കണക്കുകളിൽനിന്നു്, ഒന്നാം പഞ്ചവത്സര പദ്ധതിയ്ക്കുശേഷം ത്വരിതഗതിയിലുള്ള വ്യവസായ വൽക്കരണം നടന്നിട്ടുണ്ടെന്നുള്ളതു് സ്പഷ്ടമാണ്.


## ഉത്പാദനക്ഷമത

ഇന്നു് ഇൻഡ്യയിലെ വ്യവസായഘടന വളരെ വൈവിദ്ധ്യമുള്ളതാണ്. എങ്കിലും ഉത്പാദനക്ഷമത വളരെ കുറവാണ്. ഉല്പാദനച്ചെലവിന്റെ വലുപ്പത്തിൽ നിന്നു് ഇതു് സ്പഷ്ടമാണ്. വ്യവസായങ്ങളുടെയും വ്യാവസായികോല്പാദനത്തിന്റെയും വികസനത്തിന്നു വിപുലമായ സാദ്ധ്യതകളുണ്ട്. അങ്ങിനെ അധികരിച്ച ഉത്പാദനക്ഷമത, കൂടുതൽ വൈവിദ്ധ്യം, വ്യവസായങ്ങളുടെ വികസനം ഇവ ആവശ്യമാണ്. ഈ മൂന്നു രംഗങ്ങളിലും നാം പഞ്ചവത്സര പദ്ധതികളിലൂടെ പുരോഗതി നേടിക്കൊണ്ടിരിയ്ക്കുകയാണ്.

രണ്ടാംലോക മഹായുദ്ധത്തിൽ നിന്നുടലെടുത്ത, ഇൻഡ്യയുടെ വ്യാവസായിക സംവിധാനത്തെ ഒന്നാം പഞ്ചവത്സരപദ്ധതി വിവരിക്കുന്നതിങ്ങനെയാണ്.

"ഇൻഡ്യയുടെ വ്യാവസായിക വികസനത്തിൽ, കൂടുതൽ പ്രാധാന്യം നൽകിയിരുന്നത് ഉപഭോക്തൃ വ്യവസായങ്ങൾക്കായിരുന്നു. അടിസ്ഥാനപരമായ മൂലധന വ്യവസായങ്ങൾ പിൻനിരയിലായി. ഇന്നത്തെ പുരോഗതിയുടെ നിലവാരമനുസരിച്ച്, സോപ്പ്, പഞ്ചസാര, തുണി, മുതലായ ഉപഭോക്തൃ സാധനങ്ങളുടെ ഉല്പാദനം ആവശ്യത്തിന്നു മാത്രമുണ്ട്. മൂലധന വ്യവസായത്തിന്റെയും, മററു അദ്ധ്വോല്പന്നങ്ങളുടെയും ഉല്പാദനം തികച്ചും അപര്യാപ്തമാണ്. ഇന്നത്തെ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ, ഇരുമ്പിന്റെയും ഉരുക്കിന്റെയും ഉല്പാദനം വേണ്ടതിന്റെ 50% പോലുമില്ല. അപ്പോൾ ഇരുമ്പ്–ഉരുക്ക് പോലുള്ള ഒരു അടിസ്ഥാന വ്യവസായത്തിന്റെ വികസനത്തിനു് പദ്ധതി തയ്യാറാക്കുമ്പോൾ, ഇപ്പോൾ ഉള്ള ആവശ്യം മാത്രമല്ല, ഭാവിയിൽ ഉണ്ടായേക്കാവുന്ന ആവശ്യംകൂടി കണക്കിലെടുക്കേണ്ടതുണ്ട്. ഇരുമ്പ്–ഉരുക്കു ഉല്പന്നങ്ങൾ, രാസവളങ്ങൾ, അലുമിനിയം, പെട്രോളിയം ഉല്പന്നങ്ങൾ മുതലായവയുടെ ഉല്പാദനത്തിൽ ഗണ്യമായ വദ്ധനവു ഉണ്ടാകാതെ ഉയന്നതോതിലുള്ള വ്യാവസായിക പുരോഗതി നേടുവാൻ കഴികയില്ല. യന്ത്രസാമഗ്രികളുടെ നിമ്മാണത്തിലാണെങ്കിൽ, തുണിവ്യവസായത്തിന്റെ യന്ത്രോപകരണങ്ങളിൽ ഒതുങ്ങിനിൽക്കുന്ന സംരംഭങ്ങളേ ഉണ്ടായിട്ടുള്ളൂ. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന വൻകിട ശക്ത്യുല്പാദന കേന്ദ്രങ്ങളുടെ നിമ്മാണത്തിനാവശ്യമായ ഉപകരണങ്ങൾ വിദേശങ്ങളിൽനിന്നു ലഭിയ്ക്കേണ്ടിയിരിയ്ക്കുന്നു.

ഈ വിശകലനത്തിന്റെ വെളിച്ചത്തിൽ ഒരു കാര്യം അംഗീകരിക്കപ്പെട്ടു; മുകളിൽ വിവരിച്ചിരിക്കുന്ന കുറവുകളെ നികത്തത്തക്കതായിരിക്കണം നമ്മുടെ വ്യാവസായിക വികസനപദ്ധതികളുടെ ലക്ഷ്യം.



## നമ്മുടെ വ്യവസായനയം.

ഒന്നാം പഞ്ചവത്സരപദ്ധതി എത്രമാത്രം വിപുലമായിരുന്നുവെന്നു നിങ്ങൾക്കറിയാമോ? ആദ്യം 2069 കോടി രൂപ മുതൽമുടക്കാൻ ഉദ്ദേശിച്ചിരുന്നു. പിന്നീട് അതു 2331 രൂപയാക്കി ഉയർത്തി. എന്നാൽ, പൊതുവിഭാഗത്തിലും സ്വകാര്യവിഭാഗത്തിലും കൂടി 3360 കോടി രൂപ മുതൽമുടക്കുണ്ടായിരുന്നു. ഒരു കോടി എന്നാൽ നൂറുലക്ഷമാണ്; ഒരു ലക്ഷമെന്നാൽ നൂറു ആയിരവും, അതു നിങ്ങൾക്കറിയാം. ഇതൊരു വലിയ സംഖ്യയാണെന്നു് നിങ്ങൾ കരുതിയേക്കാം. എങ്കിലും നമ്മുടെ രാഷ്ട്രത്തെ സംബന്ധിച്ചിടത്തോളം ഇതൊരു വലിയസംഖ്യതന്നെയാണ്, പ്രത്യേകിച്ചും അഞ്ചുവർഷങ്ങൾക്കുള്ളിൽ ചെലവിടേണ്ടിവരുമ്പോൾ. സാമ്പത്തികവികസനമെന്ന പ്രക്രിയ സമാരംഭിക്കുന്നതിനു് ഇതു മതിയായിരുന്നു.

ഒന്നാം പഞ്ചവത്സരപദ്ധതിക്കുശേഷം രണ്ടാം പദ്ധതി ആരംഭിച്ചു. ഒന്നാം പദ്ധതിയുടെ ഇരട്ടി വലിപ്പമുള്ളതായിരുന്നു രണ്ടാമത്തേതു്. രണ്ടാംപദ്ധതിയിൽ നാം ഏകദേശം 4600 കോടി രൂപ ചെലവഴിച്ചു. ഇതും ഒരു വലിയ

ത്തുകയാണെന്നു് നിങ്ങൾ പറഞ്ഞേക്കാം. എന്നാൽ ഇപ്ര കാരം ഒന്നു ചിന്തിച്ചുനോക്കു; ഒരു ഒററരൂപാ നോട്ടിനു് നാലിഞ്ചു് നീളമുണ്ടു്. 4600 കോടി രൂപാ നോട്ടുകളെടുത്തു ഭൂമദ്ധ്യരേഖയിലൂടെ, ഒന്നിനോടു്ഒന്നു ചേൻറു നിരത്തിവെയ്ക്കാൻ നിങ്ങളോടാവശ്യപ്പെട്ടു എന്നു കരുതുക. അപ്പോൾ നിങ്ങൾക്കു് 120 തവണ ഭൂമിയെ ചുററേണ്ടതായിവരും. നമ്മുടെ രണ്ടാംപദ്ധതി എത്രമാത്രം വിപുലമായിരുന്നുവെന്നു മനസ്സിലാക്കാൻ ഇതു നിങ്ങളെ സഹായിക്കുകയില്ലേ ? പൊതു വിഭാഗത്തിലും സ്വകാര്യ വിഭാഗത്തിലുംകൂടി നാം 6750 കോടി രൂപ, ചെലവഴിച്ചു. ഈ പണംകൊണ്ടു്, കുതബു് മിനാറിൻെറ മൂന്നിരട്ടി ഉയരമുള്ള ഭക്ഡ അണക്കെട്ടുപോലുള്ള അണക്കെട്ടുകൾ നാം നിൎമ്മിച്ചു. ഭിലായു്, റൂർക്കേല, ദുൎഗ്ഗാപൂർ മുതലായ വൻപിച്ച ഉരുക്കുനിൎമ്മാണശാലകളും നാം നിൎമ്മിച്ചു. നമ്മുടെ റയിൽവേകൾ നാം മെച്ചപ്പെടുത്തി, കൃഷി വികസിപ്പിച്ചു, ചുരുക്കത്തിൽ നമ്മുടെ ദേശീയസമ്പത്തു് വൎദ്ധിപ്പിച്ചു.

ഇപ്പോൾ നമ്മുടെ മൂന്നാം പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിയ്ക്കുകയാണു്. രണ്ടാം പദ്ധതിയെക്കാൾ ഏകദേശം ഒന്നര ഇരട്ടികൂടി വലുപ്പമുള്ളതാണു് മൂന്നാം പദ്ധതി. മൂന്നാം പദ്ധതിയുടെ അവസാനത്തോടുകൂടി, ത്വരിതഗതിയിലുള്ള വ്യവസായവൽക്കരണത്തിലൂടെ, ദാരിദ്ര്യത്തിൻെറ ദൂഷിതവലയം മുറിയ്ക്കപ്പെടാമെന്നു് നാം പ്രത്യാശിയ്ക്കുന്നു.

ഭക്ഷ്യപ്രശ്നം സത്വരശ്രദ്ധയെ ആകൎഷിച്ചിരുന്നതിനാൽ, ഒന്നാം പദ്ധതിക്കാലത്തു്, വ്യവസായവൽക്കരണത്തിൽ കൂടുതൽ ശ്രദ്ധിക്കുന്നതിന്നു് നമുക്കു് കഴിഞ്ഞില്ല. എങ്കിലും, ദേശീയമായി നോക്കിയാൽ പ്രാധാന്യമൎഹിക്കുന്ന ചില വ്യവസായ സ്ഥാപനങ്ങൾ ഗവണ്മെൻറു് സ്ഥാപിച്ചിട്ടുണ്ടു്.

എങ്കിലും നിശ്ചയദാർഢ്യത്തോടുകൂടിത്തന്നെ, നമ്മുടെ വ്യവസായവികസനത്തിനുള്ള യത്നങ്ങൾ രണ്ടാം പദ്ധതിയിൽ നാം ചെയ്തിട്ടുണ്ട്. രണ്ടാം പദ്ധതിയുടെ ആകെ ചെലവിൻെറ 20% ത്തോളം, ചെറുതും വലുതുമായിട്ടുള്ള വ്യാവസായികസംരംഭങ്ങൾക്കായി നാം ചെലവഴിച്ചു.

പദ്ധതിക്കാലത്തു് കൈക്കൊള്ളേണ്ട നയത്തെ സംബന്ധിച്ചു് താഴെപ്പറയുന്ന എട്ടു തീരുമാനങ്ങൾ നമ്മുടെ ഗവർമ്മെൻറ് എടുത്തിട്ടുണ്ടു്.

72727

(i) നമ്മുടെ പദ്ധതികൾ വേണ്ടത്ര വിപുലമായിരിക്കണം. ഇംഗ്ലണ്ട്, അമേരിക്ക, റഷ്യ മുതലായ രാജ്യങ്ങളെപ്പോലെതന്നെ വളർച്ചയെത്താത്തക്കവണ്ണം വിപുലമായിരിക്കണം.

(ii) എല്ലാത്തിന്നുമുപരിയായി, നമ്മുടെ കാർഷികരംഗവും നമ്മുടെ ഗ്രാമീണജനതയും വികാസം പ്രാപിക്കണം ഗാന്ധിജി ഒരിക്കൽ പറഞ്ഞതുപോലെ, ഭാരതം ഗ്രാമങ്ങളിൽ ജീവിക്കുന്നു. ഗ്രാമീണജനതയെ സഹായിക്കുന്നതിന്നായി ഗ്രാമചെറുകിട വ്യവസായങ്ങൾ നാം പരിപോഷിപ്പിക്കണം

(iii) വൻകിട വ്യവസായങ്ങളുടെയും ചെറുകിട വ്യവസായങ്ങളുടെയും വളർച്ച സമീകൃതമായിരിക്കണം.

(iv) വ്യാവസായികോല്പാദനത്തിൻെറലക്ഷ്യം നമ്മുടെ ജനതയുടെ ജീവിതനിലവാരം ഉയർത്തുകയെന്നതായിരിക്കണം.

(v) വ്യവസായവികസനം നടക്കുമ്പോൾ, പ്രജായത്ത സിദ്ധാന്തങ്ങൾ നിലനിത്തപ്പെടണം. മററൊരു തരത്തിൽ

പറഞ്ഞാൽ ജനതയുടെ സമ്മതത്തോടുകൂടിയുള്ള വികസനമാണു് നമ്മുടെ ലക്ഷ്യം.

(vi) ഓരോ വിഭാഗത്തിലും ഓരാ പ്രദേശത്തും ഉള്ള ജനങ്ങൾക്കു് വികസിപ്പിക്കുന്നതിന്നു് തുല്യാവസരങ്ങൾ ലഭിക്കത്തക്കവണ്ണമായിരിക്കണം നമ്മുടെ വ്യവസായങ്ങളും കൃഷിയും വികസിപ്പിക്കേണ്ടതു്. ജനങ്ങൾ തമ്മിൽ കൂടുതൽ സമത്വം ഉണ്ടാകത്തക്കവണ്ണമായിരിക്കണം വികസനപദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതു്.

(vii) സമ്പത്തു് വ്യവസ്ഥയുടെ വികസനപ്രവർത്തനങ്ങളിൽ ഗ്രാമീണജനതയെയും ഫാക്ടറിത്തൊഴിലാളികളെയും പങ്കെടുപ്പിക്കണം.

(viii) ആസൂത്രണത്തിന്റെ പരമോന്നതമായ ഉദ്ദേശം കൂടുതൽ സ്വാതന്ത്ര്യവും വ്യക്തിയുടെ വികാസവുമായിരിക്കണം.

ഈ എട്ടു് അടിസ്ഥാന തീരുമാനങ്ങളോടെ നാം ആസൂത്രണം ആരംഭിച്ചു. നമ്മുടെ സാമ്പത്തികശേഷി പരിമിതമായതിനാൽ, എല്ലാ കാര്യങ്ങളും ഒരേ സമയത്തു് ചെയ്തുതീർക്കുന്നതിനു് നമുക്കു് കഴിഞ്ഞില്ല. ചില കാര്യങ്ങൾ ഇന്നു തുടരേണ്ടതില്ലാ, നാളേക്കു് മതി എന്നു തീരുമാനിച്ചു മാററിവെക്കേണ്ടതായി വന്നിട്ടുണ്ടു്. ഏതാണു് ആദ്യം, ഏതാണു് പിന്നീടു്, എന്നു നമുക്കു് തീരുമാനിക്കേണ്ടിയിരുന്നു. ഇതിനു് 'പ്രാമുഖ്യം' എന്നു പറയുന്നു. ആവശ്യങ്ങളുടെ സ്വഭാവമനുസരിച്ചാണു് പ്രാമുഖ്യം നിർണ്ണയിക്കപ്പെടുന്നതു്.

## പ്രാമുഖ്യങ്ങൾ

വ്യാവസായികവികസനത്തിന്റെ കാര്യത്തിലും ചില വ്യവസായങ്ങൾക്കു് പ്രാമുഖ്യം നൽകിയിട്ടുണ്ടു്. വ്യാവസാ-

യിക പ്രാമുഖ്യങ്ങൾക്കു് മൂന്നു മാനദണ്ഡങ്ങളാണു് നൽകിയിരുന്നതു.

(എ) നമ്മുടെ രാഷ്ട്രത്തെ കൂടുതൽ മുൻപോട്ടു് നയിക്കാൻ കഴിവുള്ള വ്യവസായങ്ങൾ ആദ്യം ആരംഭിക്കുന്നതിനു് നാം തീരുമാനിച്ചു.

(ബി) നമ്മുടെ ജനതയുടെ ജീവിതനിലവാരം ഉയർത്തുന്നതിനു് പര്യാപ്തമായ വ്യവസായങ്ങൾ ആദ്യം തുടങ്ങണം.

(സി) നമ്മുടെ ഉല്പന്നങ്ങൾ വിദേശങ്ങളിൽ വിററഴിച്ചു്, വിദേശനാണയം നേടാൻ നമ്മെ സഹായിക്കുന്ന വ്യവസായങ്ങൾ ആദ്യം തുടങ്ങണം.

ഈ മൂന്നു മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന പ്രാമുഖ്യങ്ങൾ നൽകുന്നതിനു് നാം തീരുമാനിച്ചു:

(1) ഇരുമ്പു്-ഉരുക്കു് വ്യവസായം, വളം നിർമ്മാണ വ്യവസായം, എൻജിനീയറിംഗ് വ്യവസായം ഇവ വികസിപ്പിക്കുന്നതിനു് നാം തീരുമാനിച്ചു.

(2) സിമൻറു്, അലുമിനിയം മുതലായ വ്യവസായങ്ങൾ വികസിപ്പിക്കുന്നതിനും, ചണം, പരുത്തി, തുണി, പഞ്ചസാര മുതലായ വ്യവസായങ്ങൾ നവീകരിക്കുന്നതിനും തീരുമാനിച്ചു.

(3) നിലവിലുള്ള വ്യവസായങ്ങളുടെ പരമാവധി ഉല്പാദനശേഷി പ്രയോജനപ്പെടുത്തുന്നതിനു് നാം തീരുമാനിച്ചു.

(4) ഗ്രാമ-ചെറുകിട വ്യവസായങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും നാം തീരുമാനിച്ചു.

## നമ്മുടെ വ്യവസായനയം

1956 ഏപ്രിൽ മാസത്തിൽ, പ്രധാനമന്ത്രി, പാർലമെൻറിൽ ഒരു വ്യവസായനയപ്രമേയം അവതരിപ്പിച്ചു. 1948ൽ നടത്തിയ ഒരു നയപ്രഖ്യാപനത്തിൻെറ ഒരു പുനരവതരണം മാത്രമായിരുന്നു ഇതു്. 1956ലെ വ്യവസായ നയപ്രഖ്യാപനത്തിൻെറ ചട്ടക്കൂട്ടിൽ നിന്നുകൊണ്ടാണ് വ്യവസായ വൽക്കരണം നടത്തുന്നതു്. പ്രജായത്തസിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ പൊതുമേഖല, സ്വകാര്യമേഖല, സഹകരണമേഖല എന്നീ മൂന്നു മേഖലകളെയും പരമാവധി പ്രയോജനപ്പെടുത്തുന്നതിനു് 1956ലെ പ്രമേയം അനുശാസിയ്ക്കുന്നു. ഭരണഘടനയിലെ നിർദ്ദേശകതത്വങ്ങളെയും പ്രമേയം ഉദ്ധരിക്കുന്നുണ്ടു്.

പ്രമേയത്തിലെ 'എ' ഷെഡ്യൂളിൽ 17 വ്യവസായങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഈ വ്യവസായങ്ങൾ, ഭാവിയിൽ, ഗവൺമെൻറിൻെറ പരിപൂർണ്ണ നിയന്ത്രണത്തിലും ചുമതലയിലും ആയിരിക്കും. ഗവൺമെൻറിനു് മാത്രം തുടങ്ങാവുന്നവയും വികസിപ്പിക്കാവുന്നതുമായ വ്യവസായങ്ങളാണിവ. ഇരുമ്പ്—ഉരുക്ക് വ്യവസായം, കൽക്കരി, എണ്ണ, വിമാനനിർമ്മാണം, കപ്പൽനിർമ്മാണം, വിദ്യുച്ഛക്തി ഉല്പാദനം മുതലായ വ്യവസായങ്ങൾ ഇതിൽപ്പെടുന്നു പ്രതിരോധ വ്യവസായങ്ങൾ, അണുശക്തി ഉല്പാദനം, റെയിൽവേ മുതലായവയും ഈ ഷെഡ്യൂളിൽപ്പെടും.

അനുക്രമം ഗവൺമെൻറ് ഉടമയിൽ കൊണ്ടുവരുന്ന 12 വ്യവസായങ്ങളാണു് 'ബി' ഷെഡ്യൂളിൽ ഉള്ളതു്. യന്ത്ര


നിമ്മാണം, ഔഷധനിമ്മാണം, അലുമിനിയം വ്യവസായം, റോഡ് ഗതാഗതം മുതലായവ ഇതിൽ പെടുന്നു. ഏറിയ പങ്കും സ്റ്റേററ് ഉടമയിലുള്ള വ്യവസായങ്ങളാണ് ഈ വകുപ്പിൽ ഉൾപ്പെടുത്തിയിരിക്കുന്നതു്. എങ്കിലും സ്വകാര്യ വിഭാഗത്തിനു് ഈ രംഗത്തിൽ പ്രവത്തിക്കാം.

മൂന്നാമത്തെ വിഭാഗത്തിൽ മറെറല്ലാ വ്യവസായങ്ങളും ഉൾപ്പെടുന്നു. ഈ വ്യവസായങ്ങളുടെ വികസനത്തിനുള്ള ചുമതല സ്വകാര്യ സംരംഭങ്ങൾക്കായിരിക്കും. അപ്പോൾ സ്വകാര്യ-പൊതു വിഭാഗങ്ങൾക്ക് പ്രധാന ഭാഗങ്ങളുള്ള ഒരു മിശ്രസമ്പത്തു് വ്യവസ്ഥയാണ് നമ്മുടെ വ്യവസായ നയം വിഭാവനം ചെയ്യുന്നതു്. ഈ വിഭാഗങ്ങൾ പരസ്പര സ്വതന്ത്രങ്ങളല്ലാ ഒന്നിനു് സഹായകമായിട്ട് മറെറാന്നു് പ്രവത്തിക്കണമെന്നാണു് പ്രതീക്ഷ.

തൊഴിലില്ലായ്മ പരിഹരിക്കുന്നതിലും, വരുമാനം കൂടുതൽ നീതിയുക്തമായി വിതരണം നടത്തുന്നതിലും ചെറു വ്യവസായങ്ങൾക്കുള്ള പങ്കിനെ പ്രമേയം എടുത്തുപറയുന്നുണ്ടു്. വൻകിട വ്യവസായങ്ങൾക്കാവശ്യമായ ചില സാധനങ്ങൾ നിർമ്മിക്കുന്നതിന്നും ചെറു വ്യവസായങ്ങൾക്ക് കഴിയും. അങ്ങിനെ അവ വ്യവസായവല്ക്കരണത്തിൻെറ ഒരു അവിഭാജ്യഘടകമായിത്തീരും.

വ്യാവസായികമായി പിന്നോക്കാവസ്ഥയിൽനില്ക്കുന്ന പ്രദേശങ്ങൾക്ക് പുരോഗതി നേരിടുന്നതിന്നു് എല്ലാ പ്രദേശങ്ങൾക്കും സഹായം നൽകേണ്ടതാണെന്നും പ്രമേയത്തിൽ പറയുന്നു. സാദ്ധ്യമാകുന്നിടത്തെല്ലാം, സ്വകാര്യസ്ഥാപന

ങ്ങൾ സഹകരണാടിസ്ഥാനത്തിൽ തുടരുന്നതിനും പ്രമേയം ശുപാർശ ചെയ്യുന്നു. 1956-ലെ വ്യവസായനയ പ്രമേയത്തിൻെറ പൂർണ്ണരൂപം അനുബന്ധം III-ൽ കൊടുത്തിട്ടുണ്ട്.



## വ്യവസായവികസനം— ഒന്നാം പഞ്ചവത്സര പദ്ധതിക്കാലത്തു്

രണ്ടു് ലക്ഷ്യങ്ങളായിരുന്നു ഒന്നാം പഞ്ചവത്സരപദ്ധതിയ്ക്കുണ്ടായിരുന്നതു്. യുദ്ധവും വിഭജനവുംമൂലം സമ്പത്തു് വ്യവസ്ഥയിലുണ്ടായ കുറവുകളെ നികത്തുകയെന്നതായിരുന്നു ഒന്നാമത്തെ ലക്ഷ്യം. രണ്ടാമതായി, സമതുലിതമായ വികസനത്തിനുവേണ്ട പ്രാരംഭപ്രവർത്തനങ്ങൾ കൈകൊള്ളുന്നതിനും ശുപാർശചെയ്തു അടിയന്തിര ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ ഒന്നാം പഞ്ചവത്സര പദ്ധതിയുടെ നേട്ടങ്ങൾ ഗണ്യമായിരുന്നു. നിലവിലുള്ള വ്യവസായ സ്ഥാപനങ്ങളിൽനിന്നു പരമാവധി ഉല്പാദനം നടത്തുന്നതിനാണു് പ്രാമുഖ്യം നൽകിയിരുന്നതു്.

തുണിവ്യവസായം, പഞ്ചസാര, സോപ്പ്, വനസ്പതി വ്യവസായങ്ങൾ ഇവയിൽ, വളരെയെണ്ണം അവയുടെ നിശ്ചിത ഉല്പാദനശേഷിയിലും കുറവ് ഉല്പാദനം നടത്തുന്നവയായിരുന്നു. നിലവിലുള്ള ഉല്പാദനശേഷി ഏററവും കൂടുതൽ പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ ഗവർമ്മെണ്ടു് സ്വീകരിച്ചു. രണ്ടാമതായി, യന്ത്രോപകരണങ്ങൾ,

ഇരുമ്പ്–ഉരുക്ക്മുതലായ വ്യവസായങ്ങൾ ഇവയിൽ പുതിയ ഫാക്ടറികൾ സ്ഥാപിച്ച് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തു. ചില പുതിയ ഘടകങ്ങൾ ഗവർമ്മെൻറ് സ്ഥാപിച്ചു. അവ 'പൊതുമേഖല'യിലുള്ളവയാണ്. സ്വകാര്യവ്യക്തികൾ തുടങ്ങിയവ 'സ്വകാര്യ വിഭാഗ'ത്തിലും. വ്യവസായങ്ങൾക്കായി മൊത്തം 307 കോടി രൂപ മുതൽ മുടക്കുണ്ടായിരുന്നു. 74 കോടി രൂപ ഗവ: മുതൽ മുടക്കും 233 കോടി രൂപ സ്വകാര്യ മുതൽ മുടക്കും. പരുത്തിത്തുണി, പഞ്ചസാര, യന്ത്രങ്ങൾ മുതലായവയുടെ ഉല്പാദനം ഗണ്യമായ തോതിൽ സ്വകാര്യവിഭാഗത്തിൽ വർദ്ധിച്ചു. ഒന്നാംപദ്ധതിയ്ക്കു മുൻപ് ഒരു എണ്ണ ശുദ്ധീകരണശാലയേ ഉണ്ടായിരുന്നുള്ളു, ഒന്നാംപഞ്ചവത്സര പദ്ധതിക്കാലത്തു് സ്വകാര്യവിഭാഗത്തിൽ പുതിയ എണ്ണശുദ്ധീകരണശാലകൾ ഉല്പാദനം ആരംഭിച്ചു.

ഒന്നാംപദ്ധതിയുടെ തുടക്കത്തിലും അവസാനത്തിലും, ചില പ്രധാന വ്യവസായങ്ങളുടെ ഉല്പാദന നിലവാരമാണ് താഴെ കൊടുത്തിരിയ്ക്കുന്ന പട്ടിക കാണിയ്ക്കുന്നതു്.

## വ്യാവസായികോല്പാദനം.

| | 1950–51 | 1955–56 | വർദ്ധനവ് 1951–56 |
|---|---|---|---|
| ഉരുക്ക് (ആയിരംടൺ) | 2689 | 4592 | 70.8% |
| പിഗ്അയൺ (,,) | 1572 | 1787 | 13.7% |
| സിമൻറ് (,,) | 2669 | 4592 | 70.8% |
| **വളം** | | | |
| അമോണിയം സൾഫേററ് | 46 | 394 | 756.5% |
| സൂപ്പർ ഫോസ്ഫേററ് | 55 | 71 | 29.1% |

| | | | |
|---|---|---|---|
| തീവണ്ടി എഞ്ചിനുകൾ (എണ്ണം) | 3 | 179 | |
| യന്ത്രോപകരണങ്ങൾ (ലക്ഷംരൂപ കണക്കിൽ) | 33.64 | 78.54 | 133.5% |
| ഡീസൽ എഞ്ചിനുകൾ (എണ്ണം) | 5536 | 10369 | 87.3% |
| മോട്ടോർ വാഹനങ്ങൾ (എണ്ണം) | 16519 | 25272 | 53.0% |
| കേബിളും വയറും (ടൺ) | 1349 | 9730 | 547.1% |
| A.S.C.R. കൺഡക്ടേഴ്സ് (ടൺ) | 3677 | 7333 | 99.4% |
| **പരുത്തി ഉല്പന്നങ്ങൾ** | | | |
| നൂല് (ദശലക്ഷം പൗണ്ട്) | 1179 | 1633 | 39% |
| മിൽതുണി (ദശലക്ഷം വാര) | 3718 | 5102 | 37.2% |
| കൈത്തറിത്തുണി (ദശലക്ഷം) വാര | 810 | 1449 | 79% |
| ചണം (ആയിരം ടൺ) | 824 | 1054 | 28% |
| സൈക്കിൾ (ആയിരം) | 101 | 513 | 407.9% |
| തുന്നൽ യന്ത്രങ്ങൾ (,,) | 33 | 111 | 236.3% |
| വൈദ്യുത വിളക്കുകൾ (,,) | 15000 | 24228 | 61% |
| പവർ ആൽക്കഹോൾ (ദശലക്ഷം ഗ്യാലൻ) | 5.0 | 10.4 | 108% |
| പഞ്ചസാര (ആയിരം ടൺ) | 1064 | 1701 | 59.9% |
| വനസ്പതി (,,) | 153 | 276 | 80.4 |
| കടലാസ് | 114 | 187 | 64.0% |
| തുകൽച്ചെരിപ്പുകൾ (ആയിരം ജോഡി കണക്കിൽ) | 5195 | 5665 | 9.0% |

ഒന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു് പ്രധാനപ്പെട്ട ചില വ്യവസായങ്ങൾ പൊതുമേഖലയിൽ സ്ഥാപിക്കപ്പെട്ടു. വളം, റയിൽവെ യന്ത്രങ്ങൾ, ടെലിഫോൺ ഉപകരണങ്ങൾ, ഡി. ഡി. ററി. പെൻസിലിൻ, യന്ത്രോപകരണങ്ങൾ, പത്രക്കടലാസ്, ശാസ്ത്രീയോപാകരണങ്ങൾ ഇവ നിർമ്മിക്കുന്ന വ്യവസായങ്ങളാണ് അവ. കപ്പൽ നിർമ്മാണത്തിനും വിമാന നിർമ്മാണത്തിനും വേണ്ട തുടക്കവും ഒന്നാം പദ്ധതി ക്കാലത്തു് നാം നടത്തിയിട്ടുണ്ടു്.

അഞ്ചു് വർഷക്കാലത്തേക്കു് 40% എന്ന തോതിൽ വ്യാവസായികോല്പാദനം വർദ്ധിച്ചു. മിൽതുണിയുടെ ഉല്പാദനം 1950-51ൽ 3718 ദശലക്ഷം വാര എന്നതു് 1955-56ൽ 5102 ദശലക്ഷം വാര എന്നായി ഉയർന്നു. 400 ദശലക്ഷം വാരകണ്ടു് പദ്ധതിലക്ഷ്യത്തെ അധികരിച്ച ഉല്പാദനം നടന്നു. പഞ്ചസാര, തുന്നൽ യന്ത്രങ്ങൾ, കടലാസ്സു് സൈക്കിൾ, ഇവയുടെ ഉല്പാദനം ലക്ഷ്യത്തിനൊത്തു നടന്നു. ചില സാധനങ്ങളുടെ കാര്യത്തിൽ ഉല്പാദനം ലക്ഷ്യത്തെക്കാൾ കൂടുതലായിരുന്നു. സിമൻറ് ഉല്പാദനം, 1950-51ൽ 2.7 ദശലക്ഷം ടണ്ണായിരുന്നു. 1955-56ൽ അതു് 4.6 ദശലക്ഷം ടൺ ആയി. അസംസ്കൃത സാധനങ്ങളുടെ വിപുലമായ ലഭ്യത, ഇതുവരെ പ്രയോജനപ്പെടുത്താതിരുന്ന ഉല്പാദനശേഷിയുടെ പ്രയോജനപ്പെടുത്തൽ, ഗണ്യമായ തോതിലുള്ള പുതിയ മൂലധനനിക്ഷേപം, ഇവയാണു് പൊതുവായി ഉല്പാദനവർദ്ധനവിനു് നിദാനമായിരുന്നതു്.



## വ്യാവസായികവികസനം — രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത്

വ്യവസായങ്ങളുടെയും ധാതുക്കളുടെയും വികസനത്തിന് പൊതുമേഖലക്ക് നല്കിയ പ്രാധാന്യമാണ് രണ്ടാം പദ്ധതിയിൽ വ്യവസായ വികസനത്തിന്റെ കാര്യത്തിൽ ഉണ്ടായ പ്രധാനമാററം. ഒന്നാം പദ്ധതിക്കാലത്തു് ഈ ആവശ്യങ്ങൾക്കായി ഗവമ്മെൻറ് 74 കോടി ചെലവാക്കിയപ്പോൾ രണ്ടാം പദ്ധതിക്കാലത്തു അതിനുള്ള തുക 870കോടി രൂപയായിരുന്നു. രണ്ടു് പദ്ധതിക്കാലത്തും സ്വകാര്യവിഭാഗത്തിൽ ചെലവായ തുക 233 കോടി രൂപയും 675 കോടി രൂപയും വീതമായിരുന്നു.

വ്യാവസായിക വളർച്ചയുടെ തോതിലും വൈവിദ്ധ്യത്തിലും, സാമ്പത്തികാസൂത്രണത്തിന്റെ ഈ ദശകം ഗണ്യമായ പുരോഗതി നേടിയിട്ടുണ്ടു്. താഴെ കൊടുത്തിരിയ്ക്കുന്ന ഉല്പാദന സൂചികകളിൽ നിന്നു് ഇതു വ്യക്തമാകും.

## ഉല്പാദനസൂചിക

(1950-51-100)

| വിഭാഗം | 1955-56 | 1960-61 |
|---|---|---|
| പൊതുസൂചിക | 139 | 194 |
| പരുത്തിത്തുണി | 128 | 133 |
| ഇരുമ്പ് ഉരുക്ക് | 122 | 238 |
| യന്ത്രങ്ങൾ | 192 | 503 |
| രാസവസ്തുക്കൾ | 179 | 288 |

വർഷത്തിൽ 7% എന്ന തോതിൽ ഉല്പാദനം ഉയൎന്നിട്ടുണ്ട്. മുകളിൽ സൂചിപ്പിച്ചതിനെക്കാൾ ഉയൎന്ന തോതിലാണ് യഥാൎത്ഥ വൎദ്ധനവ്.

ചില പ്രധാന അടിസ്ഥാന വ്യവസായങ്ങൾ സ്ഥാപിച്ചുവെന്നുള്ളതും, ധാതുവിഭവങ്ങളുടെ വികസനവുമാണ് രണ്ടാം പദ്ധതിയുടെ ഏററവും മികച്ച നേട്ടം. മൂന്നു പുതിയ ഉരുക്കുനിൎമ്മാണശാലകൾ ഗവൺമെൻറ് സ്ഥാപിച്ചു. ഒന്ന് ഒറീസ്സയിലെ റൂർക്കേലയിലും, മറെറാന്നു മദ്ധ്യപ്രദേശിൽ ഭിലായിലും, മൂന്നാമത്, പശ്ചിമബംഗാളിൽ ദുർഗ്ഗാപ്പൂരിലും. പ്രതിവർഷം പത്തുലക്ഷം ടൺ ഉരുക്ക് വീതം ഉല്പാദിപ്പിക്കാവുന്ന ഈ സ്ഥാപനങ്ങൾ രണ്ടാം പദ്ധതികാലത്തുതന്നെ ഉല്പാദനക്ഷമമായി.

ബീഹാറിൽ, സിന്ദ്രിയിൽ സ്ഥാപിക്കപ്പെട്ട വളം നിൎമ്മാണ ഫാക്ടറിക്കു പുറമെ, മൂന്നു പുതിയ വളം നിൎമ്മാണ ഫാക്ടറികൾകൂടി ഗവർമ്മെണ്ട് സ്ഥാപിച്ചു ഇതിൽ ആദ്യത്തേതു് റൗർക്കേലയിലും, രണ്ടാമത്തേതു് പഞ്ചാബിൽ നംഗലിലും മൂന്നാമത്തേതു് മദ്രാസ്സിൽ നൈവേലിയിലും ആയിരുന്നു. 1961 ഫെബ്രുവരിയിൽ നംഗൽ ഫാക്ടറിയിൽ

ഉല്പാദനം ആരംഭിച്ചു. സിന്ധ്രിയിലെയും നംഗലിലെയും കൂടി ഉല്പാദനം നൂറുകോടി രൂപയ്ക്കുള്ളതുണ്ട്. ഇത്രയും വിദേശനാണയം ലാഭിയ്ക്കുന്നതിനു് ഈ സംരംഭങ്ങൾ മൂലം കഴിഞ്ഞു.

ടർബൈനുകൾ, ജനറേററുകൾ മുതലായ ഘനവൈദ്യുതോപകരണങ്ങൾ നിർമ്മിക്കുന്ന ഒരു ഫാക്ടറി ഭോപാലിൽ ആരംഭിച്ചു. അടുത്തകാലത്തു് ഈ ഫാക്ടറിയിലും ഉത്പാദനം ആരംഭിച്ചിട്ടുണ്ടു്. പൂർണ്ണശേഷിയെത്തുമ്പോൾ ഈ സ്ഥാപനത്തിൽ പ്രതിവർഷം 25 കോടി രൂപ വിലവരുന്ന ഉപകരണങ്ങൾ നിർമ്മിക്കാം.

പൊതുമേഖലയുടെ മറെറാരു നേട്ടം ബാങ്കളൂരിൽ സ്ഥാപിച്ചിരിക്കുന്ന യന്ത്രോപകരണങ്ങളും വാച്ചുകളും നിർമ്മിക്കുന്ന ഫാക്ടറിയാണു്.

ഇതുവരെ സൂചിപ്പിക്കപ്പെടാത്ത ഒരു ധാതുവിഭവം ഉണ്ടു്. അതാണ് എണ്ണ. 'ദ്രവരൂപത്തിലുള്ള സ്വർണ്ണം' എന്നു വിളിയ്ക്കത്തക്ക തരത്തിൽ അമൂല്യമാണ് എണ്ണ. പ്രാകൃത എണ്ണയിൽനിന്നു് പെട്രോളും, മണ്ണെണ്ണയും, മററ് ഉപയോഗപ്രദങ്ങളായ ഉല്പന്നങ്ങളും നിർമ്മിക്കുന്നതിനു് ഒന്നാം പദ്ധതിക്കാലത്തു് മൂന്നു എണ്ണ ശുദ്ധീകരണശാലകൾ തുടങ്ങിയെന്നു് മുൻപു് സൂചിപ്പിച്ചു. എന്നാൽ ഈ ശുദ്ധീകരണശാലകൾക്കാവശ്യമായ 'പ്രാകൃത എണ്ണ' ഇറക്കുമതി ചെയ്യേണ്ടിയിരുന്നു. ഇൻഡ്യയിൽ ആസ്സാം സംസ്ഥാനത്തു മാത്രമെ പ്രാകൃത എണ്ണ ഖനനം ചെയ്യപ്പെട്ടിരുന്നുള്ളു. ഇതു തുച്ഛമായ അളവിൽ മാത്രമായിരുന്നുതാനും. രണ്ടാം പദ്ധതിക്കാലത്തു്, ഗവണ്മെൻറ് നാട്ടിൽ എണ്ണ ലഭിയ്ക്കാവുന്ന പ്രദേശങ്ങളുടെ ഒരു സർവേ നടത്തി. പല പ്രദേശങ്ങളിലും

പ്രത്യേകിച്ച് ഗുജറാത്തിലെ കാംബെ— ആംഗളേശർ പ്രദേശത്തും, ആസ്സാമിലെ നഹോർകാത്തിയാ പ്രദേശത്തും എണ്ണ സുലഭമാണെന്നു് തെളിഞ്ഞു. ഈ 'അസംസ്കൃത എണ്ണ' സംസ്കരിക്കുന്നതിനു് മൂന്നു എണ്ണ സംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനു് തീരുമാനിച്ചു. ഒന്നു് ആസ്സാമിലെ നൻമതിയിലും, മറെറാന്നു് ബീഹാറിലെ ബറൗണിയിലും മൂന്നാമത്തേതു് ഗുജറാത്തിലും ആണു്.

സ്വകാര്യമേഖലയിൽ, സൈക്കിളുകൾ, തുന്നൽ യന്ത്രങ്ങൾ, വൈദ്യുത വിളക്കുകൾ, കടലാസ്സു്, വൈദ്യുതപങ്കകൾ മുതലായവയുടെ ഉല്പാദനം ഗണ്യമായി വദ്ധിച്ചു. ഒന്നും രണ്ടും പദ്ധതിക്കാലങ്ങളിൽ ആരംഭിച്ച അറുപതോളം വ്യവസായ എസ്റ്റേററുകളിൽ, വളരെയധികം പുതിയ വ്യവസായങ്ങൾ, സ്വകാര്യമേഖലയിൽ തുടങ്ങിയിട്ടുണ്ടു്.

ഒന്നും രണ്ടും പദ്ധതിക്കാലങ്ങളിൽ നമ്മുടെ വ്യാവസായികോല്പാദനം 94%ത്തോളം വദ്ധിച്ചിട്ടുണ്ടു്. ഉല്പാദനത്തിൻെറ അളവിൽ മാത്രമല്ല നേട്ടമുണ്ടായിട്ടുള്ളതു്. ഉപഭോഗ സാധനങ്ങൾക്കു പുറമെ ഗതാഗതം, കൃഷി, തുണിമിൽ, സിമൻറ് മുതലായ വ്യവസായങ്ങൾക്കാവശ്യമായ യന്ത്രസാമഗ്രികളും നാം നിർമ്മിക്കുന്നുണ്ടു്.

ഒന്നാം പദ്ധതിക്കുശേഷം, മുമ്പുണ്ടായിരുന്നതിൻെറ 11 ഇരട്ടി വിലയ്ക്കുള്ള യന്ത്രസാമഗ്രികൾ ഈ രാജ്യത്തു് ഉല്പാദിപ്പിച്ചിട്ടുണ്ടു്. 16 മടങ്ങു് വിലയ്ക്കുള്ള യന്ത്രോപകരണങ്ങളും. വഷത്തിൽ, ജനസംഖ്യയിൽ ഓരോരുത്തക്കും 15 വാര തുണി ലഭിക്കത്തക്കവണ്ണമുള്ള ഉല്പാദനം തുണി വ്യവസായ രംഗത്തു് നടക്കുന്നു. 1950ൽ വെറും 9 വാര ലഭിക്കത്തക്കവണ്ണമുള്ള ഉല്പാദനം മാത്രമെ ഉണ്ടായിരുന്നുള്ളു. പത്തു വഷങ്ങൾക്കു മുമ്പു് നാം 10 ലക്ഷം ടൺ പഞ്ചസാര ഉല്പാദിപ്പിച്ചപ്പോൾ 30 ലക്ഷംടൺ പഞ്ചസാര നാം ഇന്നു് ഉല്പാദിപ്പിക്കുന്നുണ്ടു്.

പഞ്ചസാരയുടെ കാര്യത്തിൽ രാജ്യത്ത് ദൗർലഭ്യമുണ്ടായിരുന്നു. ഇപ്പോൾ മററു രാജ്യങ്ങളിലേക്ക് പഞ്ചസാര കയററുമതി ചെയ്യുന്നതിനു് നമുക്കു സാധിക്കും. ആദ്യത്തെ രണ്ടു പദ്ധതിക്കാലത്തു് ചില സാധനങ്ങളുടെ ഉല്പാദനത്തിൽ ഉണ്ടായ പുരോഗതിയെ സൂചിപ്പിക്കുന്ന പട്ടികയാണ് താഴെ കൊടുത്തിരിക്കുന്നതു്.

## ചില വ്യവസായങ്ങളിലെ ഉല്പാദനം


| ഇനം | യൂണിററു് | 1950–51 | 1960–61 |
|---|---|---|---|
| ഉരുക്കു് | ദശലക്ഷംടൺ | 1.4 | 3.5 |
| അലൂമിനിയം | 000ടൺ | 3.7 | 18.5 |
| ഡീസൽ എൻജിൻ | 000എണ്ണം | 5.5 | 40.00 |
| വൈദ്യുതകേബിൾ (A. C. S. R. കൺടക്ടേഴ്സ്) | 000ടൺ | 1.7 | 22 |
| വളം | 000ടൺ | 9.00 | 55.00 |
| സൽഫൂരിക് ആസിഡ് | 000ടൺ | 99.00 | 363.00 |
| സിമൻററ് | ദശലക്ഷംടൺ | 2.7 | 8.5 |
| പരുത്തിതുണി (മിൽ ഉല്പന്നം) | ദശലക്ഷംവാര | 3720.00 | 5127.00 |
| പഞ്ചസാര | ദശലക്ഷംടൺ | 1.1 | 3.00 |
| കടലാസ്സ് | 000ടൺ | 114.00 | 350.00 |
| സൈക്കിൾ | 000എണ്ണം | 101.00 | 1050.00 |
| മോട്ടോർ വാഹനങ്ങൾ | 000എണ്ണം | 16.5 | 53.5 |

## ധാതുവിഭവങ്ങൾ

നമ്മുടെ ധാതുവിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്തുന്നതിന്നും ശ്രദ്ധിച്ചിട്ടുണ്ട്. രാജ്യത്തുള്ള ധാതുവിഭവങ്ങളെത്രയെന്നു നിർണ്ണയിക്കുന്നതിന്നും. അതു പ്രയോജനപ്പെടുത്തുന്നതിന്നും വേണ്ടിയുള്ള സംഘടനയുടെ പ്രവർത്തനവും വിപുലീകരിച്ചു. കല്ക്കരി, ഇരുമ്പു അയിർ, ബോക്സയിററ് ഈ വിഭവങ്ങളുടെ ഉല്പാദനത്തിലാണ് കൂടുതൽ വിജയകരമായ പ്രവർത്തനം നടത്തിട്ടുള്ളതു്. കല്ക്കരിയുടെ ഉല്പാദനം 1950-51ൽ 32.3 ദശലക്ഷംടൺ ആയിരുന്നു. 1960-61ൽ അതു 54.6 ദശലക്ഷംടൺ ആയി ഉയർന്നു. ബോക്സയിററിൻേറതു് 1950ൽ 64000ടൺ ആയിരുന്നതു് 1960ൽ 377000ടൺ ആയി ഉയന്നു. രണ്ടാം പദ്ധതിക്കാലത്താണ് ഈ വർദ്ധനയുടെ ഏറിയഭാഗവും ഉണ്ടായതു്.

വ്യവസായികോല്പാദനത്തിലും, ധാതുവിഭവങ്ങളുടെ ഉല്പാദനത്തിലും ഉണ്ടായ നേട്ടങ്ങൾ വിപുലമാണ് എന്നാൽ പ്രാദേശികാടിസ്ഥാനത്തിലുള്ള വ്യവസായ വികസനത്തിൻെറ കാര്യത്തിലും ഗണ്യമായ പുരോഗതിയുണ്ടായി. രണ്ടാം പദ്ധതിക്കാലത്തു്, മദ്ധ്യഭാരതത്തിലെ പിന്നോക്ക പ്രദേശങ്ങൾക്ക്, ഭിലായിയിലെ ഉരുക്കു നിർമ്മാണശാലയുടെയും, ഭോപാലിലെ വൈദ്യുതോപകരണശാലയുടെയും സ്ഥാപനം മൂലം വമ്പിച്ച നേട്ടങ്ങൾ ഉണ്ടായി. ആന്ധ്രപ്രദേശത്തെയും, മദ്ധ്യപ്രദേശത്തെയും കല്ക്കരി ഖനികളുടെ വികസനവും, ഇത്തരത്തിലുള്ള പുരോഗതിക്കു് കാരണമായിത്തീൻ. റൌർക്കേലയിലെ ഉരുക്കു നിർമ്മാണശാലയും വളം നിർമ്മാണശാലയും മററു വ്യവസായ സ്ഥാപനങ്ങളും ഒറീസ്സയെസ്സംബന്ധിച്ചിടത്തോളം പുരോഗതിക്കുള്ള ചുവടുവയ്പായിരുന്നു. നർമ്മതിയിലെ എണ്ണസംസ്കരണ കേന്ദ്രവും, വമ്പിച്ച തോതി

ലുള്ള എണ്ണശുദ്ധീകരണ സംരഭങ്ങളും ആസ്സാമിനു് സമൃദ്ധി നല്കാനുതകുന്നവയാണു്. മദ്രാസ്സിലെ നൈവേലി ലിഗ്നൈററ് കോപ്പറേഷനും, ബീഹാറിൽ റാഞ്ചിയിലെ ഘന യന്ത്ര നിർമ്മാണശാലയും സൂചിപ്പിക്കുന്നതു്, പൊതുമേഖലാ സ്ഥാപനങ്ങൾ വ്യാവസായികമായി പിന്നോക്കം നില്ക്കുന്ന പ്രദേശങ്ങളിൽ സ്ഥാപിക്കണം എന്ന തത്വത്തെയാണു്.



## വ്യാവസായിക വികസനം—മൂന്നാം പദ്ധതിയിൽ.

മൂലധനോല്പന്നങ്ങളുടെ ഉല്പാദനത്തിനു് പ്രാധാന്യം നല്കിക്കൊണ്ടുള്ള വ്യവസായവൽക്കരണമാണു് മൂന്നാം പഞ്ചവത്സരപദ്ധതിയുടെ സവിശേഷത. ഉപഭോക്തൃവ്യവസായങ്ങളുടെ വളച്ച്യ്ക്കുവേണ്ട ആവശ്യങ്ങളുടെ പരിഗണനയും ഉണ്ടായിരുന്നു. 1956 ഏപ്രിൽമാസത്തിലെ വ്യവസായനയപ്രമേയം, പൊതു–സ്വകാര്യ വിഭാഗങ്ങളുടെ പ്രവത്തനത്തിനു വേണ്ട മാർഗ്ഗനിദ്ദേശങ്ങൾ നല്കുന്നു. വ്യാവസായിക പ്രാമുഖ്യത്തെ സംബന്ധിച്ചിടത്തോളം മൂന്നാം പദ്ധതിയിൽ ഇപ്രകാരം വ്യവസ്ഥചെയ്തിരിക്കുന്നു:

"ഈ പൊതുപരിഗണനകൾക്കു് വിധേയമായി, നമ്മുടെ പദ്ധതികൾക്കു് അടുത്തചില വർഷങ്ങളിൽ നൽകേണ്ട പ്രാധാന്യം, സാമാന്യമായി, താഴെ പറയുന്ന പ്രാമുഖ്യങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും —"

(1) വിദേശനാണയത്തിന്റെ ദൗർലഭ്യംമൂലം 1957–58 കാലത്തു് മാററിവക്കേണ്ടിവന്നിട്ടുള്ള പദ്ധതികൾ പൂർത്തിയാക്കുക.

(2) ഘന എൻജനീയറിംഗ് വ്യവസായം, യന്ത്രനിമ്മാണവ്യവസായം, ഇരുമ്പ്–ഉരുക്കു് വ്യവസായം, വളം, പെട്രോളിയം ഉല്പന്നങ്ങൾ ഇവയുടെ ഉല്പാദനം മുതലായവ വദ്ധിപ്പിക്കുക.

(3) അടിസ്ഥാന അസംസ്കൃതപദാത്ഥങ്ങളുടെ ഉല്പാദനം വദ്ധിപ്പിക്കുക.

(4) ഔഷധങ്ങൾ, കടലാസ്സ്, തുണി, പഞ്ചസാര, സസ്യഎണ്ണകൾ, ഭവനനിമ്മാണസാധനങ്ങൾ ഇവയുടെ ഉല്പാദനം വദ്ധിപ്പിക്കുക.

വ്യവസായങ്ങളുടെയും ധാതുവിഭവങ്ങളുടെയും വികസനത്തിനായി 2993 കോടിരൂപ മൂന്നാം പദ്ധതിയിൽ വകയിരുത്തിയിരിയ്ക്കുന്നു.

എങ്കിലും നിലവിലുള്ള വിഹിതപ്രകാരം മൂന്നാം പദ്ധതിക്കാലത്തു് വ്യവസായങ്ങൾക്കും ധാതുവിഭവങ്ങൾക്കുമായി കൊള്ളിച്ചിരിക്കുന്ന തുക 2570 കോടി രൂപയാണ് — 1470 കോടി രൂപ പൊതുമേഖലയിലും 1100 കോടി രൂപ സ്വകാര്യമേഖലയിലും.

സ്വയം നിലനിൽക്കത്തക്കവണ്ണം സമ്പത്തു്വ്യവസ്ഥയെ വളർത്തുന്നതിനുവേണ്ട വ്യവസായങ്ങളുടെ വികസനത്തിനാണ് മൂന്നാം പഞ്ചവത്സരപദ്ധതിയിൽ പ്രാധാന്യം നല്കിയിരിക്കുന്നതു്. ഉപഭോഗസാധനങ്ങളുടെ ഉല്പാദനവും വർദ്ധിപ്പിയ്ക്കും; ഇതു് ഏറിയഭാഗവും സ്വകാര്യവിഭാഗം വഴിയായിരിക്കും. ഈ വികസന പ്രവർത്തനങ്ങൾമൂലം വ്യാവസായികോല്പാദനം 70% വർദ്ധിക്കുമെന്നാണ് പ്രതീക്ഷ. എങ്കിലും ഇതിനെക്കാൾ പ്രാധാന്യമർഹിക്കുന്നതു് ഇരുമ്പ്–ഉരുക്ക്, യന്ത്രനിർമ്മാണം മുതലായ വ്യവസായങ്ങളിൽ ഉണ്ടാകുന്ന പുരോഗതിയാണ്. ചുവടെ ചേർത്തിരിക്കുന്ന പട്ടികയിൽനിന്നു് ഇതു വ്യക്തമാവും.

## വ്യാവസായികോല്പാദന സൂചിക.

1950–51–100

| വിഭാഗം | 1960–61 | 1965–66 | വർദ്ധനശതമാനത്തിൽ |
|---|---|---|---|
| പൊതുസൂചിക | 194 | 329 | 70 |
| പരുത്തിത്തുണി | 133 | 157 | 18 |

| | | | |
|---|---|---|---|
| ഇരുമ്പ് ഉരുക്ക് | 238 | 637 | 168 |
| യന്ത്രങ്ങൾ | 503 | 1224 | 143 |
| രാസവസ്തുക്കൾ | 288 | 720 | 150 |

വ്യാവസായികോല്പാദന സൂചിക ഒന്നാം പദ്ധതിയുടെ ആരംഭത്തിൽ 100 ആയിരുന്നത് 1955-56ൽ 139 ആയി, 1960-61ൽ അതു് 194 ആയി ഉയൎന്നു. 1965–66ൽ മൂന്നാം പദ്ധതിയുടെ അവസാനത്തോടെ സൂചിക 329 ആകുമെന്നാണ് പ്രതീക്ഷ.

രണ്ടാംപദ്ധതിക്കാലത്തു് തുടങ്ങിവച്ച സ്ഥാപനങ്ങളുടെ നിൎമ്മാണം പൂൎത്തിയാക്കുന്നതിനാണ് മൂന്നാംപദ്ധതി സ്വാഭാവികമായിതന്നെ പ്രാമുഖ്യം നല്കിയതു്. ഇതിനും പുറമെ, യന്ത്രോപകരണ നിർമ്മാണം, വൈദ്യുതോപകരണ നിർമ്മാണം മുതലായ അടിസ്ഥാന വ്യവസായങ്ങൾ വികസിപ്പിക്കേണ്ടതുണ്ടു്.

ഇതിനെല്ലാമുപരിയായി, ഉരുക്കിൻെറ ഉല്പാദനം 100 ലക്ഷംടൺ ആയി വൎദ്ധിപ്പിച്ചു. ഒന്നാംപദ്ധതിയുടെ തുടക്കത്തിൽ ഇതു് 10 ലക്ഷംടൺ ആയിരുന്നു. ഇതു് തികച്ചും പ്രാധാന്യമൎഹിക്കുന്ന വൎദ്ധനയാണു്. എങ്കിലും വ്യാവസായികമായി മുൻപന്തിയിൽ നില്ക്കുന്ന രാജ്യങ്ങളോടൊപ്പമെത്തണമെങ്കിൽ നമുക്ക് ഇനിയും വളരെ ദൂരം പോകേണ്ടിയിരിക്കുന്നു. അമേരിക്കൻ ഐക്യനാടുകൾ പ്രതിവർഷം പത്തുകോടി ടൺ ഉരുക്ക് ഉല്പാദിപ്പിക്കുന്നു. റഷ്യ ആറുകോടി ടണ്ണും, ഇംഗ്ലണ്ടും, പശ്ചിമ ജർമ്മനിയും 2 കോടി ടൺ വീതവും ഉരുക്ക് ഉല്പാദിപ്പിക്കുന്നു. ഇന്നു് നിലവിലുള്ള മൂന്നു ഉരുക്കു നിർമ്മാണശാലകളിലും, നാലാമതായി ബീഹാറിൽ ബൊക്കാറൊയിൽ നിർമ്മിക്കുന്ന ഉരുക്കു നിർമ്മാണശാലയിലുമായിരിക്കും ഇതു മുഴുവൻ ഉല്പാദിപ്പിക്കുക.

ഇപ്പോൾ വിശാഖപട്ടണത്തിൽ ഒരു കപ്പൽ നിർമ്മാണശാലയുണ്ട്. മൂന്നാംപദ്ധതിക്കാലത്തു് ഇതിൻെറ ഉല്പാദനശേഷി വർദ്ധിപ്പിയ്ക്കും. രണ്ടാമതൊരെണ്ണം കൊച്ചിയിൽ സ്ഥാപിയ്ക്കുകയും ചെയ്യും.

ഗതാഗതാവശ്യങ്ങൾക്കായി മോട്ടോർ സൈക്കിളുകളുടേയും സ്കൂട്ടറുകളുടേയും ഉല്പാദനം 60000 ആയി വർദ്ധിപ്പിയ്ക്കും. മോട്ടോർവാഹനങ്ങളുടെ എണ്ണം പ്രതിവർഷം 1 ലക്ഷമായും വർദ്ധിയ്ക്കും.

മണ്ണിൽനിന്നു് കൂടുതൽ വിളവുണ്ടാക്കുന്നതിനു് നമ്മുടെ കർഷകർ കൂടുതൽക്കൂടുതൽ വളം ഉപയോഗിയ്ക്കുന്നുണ്ട്. ഈ വർദ്ധിച്ച ആവശ്യം നിറവേററുന്നതിനു് മൂന്നാംപദ്ധതിക്കാലത്തു് കൂടുതൽ വളം നിർമ്മാണശാലകൾ ഏർപ്പെടുത്തും.

ഉത്തരപ്രദേശത്തിലും, ആന്ധ്രാപ്രദേശത്തിലും, കേരളത്തിലും സ്ഥാപിക്കുന്ന ഫാക്ടറികൾവഴി ഔഷധങ്ങളുടെ ഉല്പാദനവും വർദ്ധിയ്ക്കും. ഈ പദ്ധതികൾ നടപ്പിലാകുന്നതോടുകൂടി രാജ്യം ഔഷധങ്ങളുടെകാര്യത്തിൽ സ്വയംപര്യാപ്തമാവും. പ്രധാനപ്പെട്ട പൊതുമേഖലാവ്യവസായങ്ങളുടെ പട്ടിക ഒന്നാം അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.

മൂന്നാംപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ചില പ്രധാന വ്യാവസായികലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:—

| ഇനം. | യൂണിട്ടു് | 1960–61. | 1965–66. |
|---|---|---|---|
| ഉരുക്കു് | ദശലക്ഷം ടൺ | 3.5 | 9.2 |
| അലൂമിനിയം | 000 ടൺ | 18.5 | 80.00 |
| ഡീസൽ എഞ്ചിൻ | 000 എണ്ണം | 40.00 | 66.00 |
| ട്രാക്ടറുകൾ | 000 എണ്ണം | 2.00 | 10.00 |
| എലക്ട്രിക് കേബിൾ | 000 ടൺ | 22.00 | 44.00 |

| | | | |
|---|---|---|---|
| വളം | 000 ടൺ | 110.00 | 800.00 |
| സൾഫ്യൂറിക് ആസിഡ് | 000 ടൺ | 363.00 | 1500.00 |
| കാസ്റ്റിക് സോഡ | 000 ടൺ | 100.00 | 340.00 |
| സിമിൻറ് | ദശലക്ഷം ടൺ | 8.5 | 13.00 |
| പെട്രോളിയം ഉല്പന്നങ്ങൾ | ,, | 5.7 | 9.9 |
| യന്ത്രോപകരണങ്ങൾ | ദശലക്ഷം രൂപ. | 500 | 3000.00 |
| ബാൾ ആൻറ് റോളർ ബേയറിംഗ്സ് | ദശലക്ഷം എണ്ണം | 2.9 | 14.00 |
| പരുത്തിത്തുണി | ദശലക്ഷം വാര | 5172.00 | 5800.00 |
| പഞ്ചസാര | ദശലക്ഷം ടൺ | 3.00 | 3.5 |
| കടലാസ്സ് | 000 ടൺ | 350.00 | 700.00 |
| സൈക്കിൾ | 000 എണ്ണം | 297 | 700 |
| മോട്ടോർവാഹനങ്ങൾ | 000 എണ്ണം | 53.5 | 100 |

## മൂന്നാം പദ്ധതിക്കാലത്തുണ്ടായ പുരോഗതി

1963 മാർച്ച് മാസത്തോടുകൂടി മൂന്നാം പഞ്ചവത്സര പദ്ധതിയുടെ രണ്ടു പ്രവർത്തനവർഷങ്ങൾ കഴിഞ്ഞിരിക്കുകയാണ്. ഈ കാലഘട്ടം താരതമ്യേന പ്രതികൂലമായ കാലാവസ്ഥകൊണ്ടും, 'അടിയന്തിരാവസ്ഥ'കൊണ്ടും പ്രത്യേകതയുള്ളതായിരുന്നു. പൊതുവിൽ, പ്രതിവർഷം 8% എന്ന നിരക്കിൽ വ്യാവസായികോല്പാദനത്തിൽ വർദ്ധന ഉണ്ടായിട്ടുണ്ട്.

## വ്യാവസായികോല്പാദനം

മിക്കവാറും എല്ലാ വ്യവസായങ്ങളിലും ഉല്പാദന വർദ്ധനയുണ്ടായിരുന്നുവെങ്കിലും, ഇരുമ്പ്- ഉരുക്ക്, ഖനനം ചെയ്യപ്പെട്ട എണ്ണകൾ, എഞ്ചിനീയറിംഗ് വ്യവസായം, സിമൻറ്, രാസവസ്തുക്കൾ ഇവയുല്പാദിപ്പിക്കുന്ന വ്യവസായങ്ങളിൽ ഗണനീയമായ നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്. ഉരുക്കുവ്യവസായത്തിൽ ഉല്പാദനം പൂർണ്ണശേഷിയോടടുക്കുകയാണ്; ചില വിഭാഗങ്ങളെ ഒഴിവാക്കിയാൽ സാധനങ്ങളുടെ ലഭ്യതയിലും പുരോഗതിയുണ്ടായിട്ടുണ്ട്. ആദ്യത്തെ രണ്ടു വർഷങ്ങളിൽ അടിസ്ഥാന ഉരുക്കിൻെറ ഉല്പാദനം 20 ലക്ഷം ടൺ ആയിരുന്നു. മൂന്നു പൊതുമേഖലാസ്ഥാപനങ്ങളിലും കൂടിയുള്ള ഉല്പാദനം 1963–ൽ പ്രതീക്ഷിക്കപ്പെട്ട ശേഷിയിലും കൂടുതലായിരുന്നു. ആദ്യത്തെ രണ്ട് വർഷങ്ങളിൽ സിമൻറിൻെറ ഉല്പാദനം 20 ലക്ഷം ടൺ കണ്ടു് വർദ്ധിച്ചു. നൈട്രജജന്യവളങ്ങളുടെയും അലുമിനിയത്തിൻെറയും ഉല്പാദനം ഈ കാലയളവിൽ ഇരട്ടിയായി. യന്ത്രോപകരണങ്ങളുടെയും, വ്യാവസായിക യന്ത്രങ്ങളുടെയും ഉല്പാദനത്തിലും ഗണ്യമായ വർദ്ധനയുണ്ടായി. പൊതുവെ പറഞ്ഞാൽ മൂലധനസാധനങ്ങളുടെ

ഉല്പാദനം, ഉല്പാദനസൂചിക സൂചിപ്പിക്കുന്നതിനെക്കാൾ വളരെ കൂടുതലായിരുന്നു.

ഗതാഗതസൗകര്യങ്ങളുടെ കാര്യത്തിലുണ്ടായ പുരോഗതിയാണ് മൂന്നാം പദ്ധതിയുടെ രണ്ടാം വർഷത്തിൽ ഉണ്ടായ പ്രധാന നേട്ടം. കൽക്കരി, വിദ്യുച്ഛക്തി ഇവയിലും വർദ്ധനയുണ്ടായി.

മൂന്നാം പദ്ധതിയുടെ ലക്ഷ്യവുമായി ബന്ധപ്പെടുത്തി നോക്കുമ്പോൾ, ആദ്യത്തെ രണ്ടു വർഷങ്ങളിലുണ്ടായ നേട്ടം ഗണനീയമാണെങ്കിലും, ചില മുഖ്യപ്രധാനമായ വിഭാഗങ്ങളിലെ പുരോഗതി വേണ്ടത്രയുണ്ടായിരുന്നില്ല. അടിസ്ഥാന ഉരുക്കിൻെറ ഉല്പാദനം ആവശ്യത്തിനുമാത്രം ഉണ്ടായിരുന്നില്ല. മററുചില രംഗങ്ങളിലും ഉല്പാദനം തൃപ്തികരമായിരുന്നില്ല. വളം നിർമ്മാണത്തിൽ, ഉണ്ടാകുമെന്നു പ്രതീക്ഷിച്ചിരുന്ന ഉല്പാദനശേഷി ഉണ്ടാവുകയില്ല. മൂന്നാം പദ്ധതിയിലുള്ള ലക്ഷ്യം നേടുമെന്നും പ്രതീക്ഷിച്ചുകൂടാ. ഇതിനുവേണ്ടി, പദ്ധതികളുടെ ത്വരിതമായ നടത്തിപ്പിനുവേണ്ട എല്ലാ നടപടികളും എടുത്തിട്ടുണ്ട്.

## പൊതുമേഖലയിലുള്ള വ്യവസായസംരംഭങ്ങൾ

ഭിലായിലും, ദുർഗ്ഗാപ്പൂരിലും, റൂർക്കേലയിലും ഉള്ള മൂന്നു പൊതുമേഖലാ സ്ഥാപനങ്ങളുടെ പൂർത്തീകരണമാണ് മൂന്നാം പദ്ധതിയുടെ ആദ്യത്തെ രണ്ടു് വർഷങ്ങളിലെ നേട്ടം. ഈ ഉരുക്കുനിർമ്മാണശാലകളുടെ ഉല്പാദനശേഷി 10ലക്ഷം ടൺ ആണ്. 1963 മാർച്ചിൽ ഈ മൂന്നു സ്ഥാപനങ്ങളും അവയുടെ ഉല്പാദനശേഷിയിലും ഉപരിയായി ഉല്പാദനം നടത്തി. മൂന്നാം പദ്ധതിക്കാലത്തെ വികസന പരിപാടികളുടെ ഫല

മായി ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. ദുർഗ്ഗാപ്പൂരിലെ 'അലോയ് ആൻഡ്സ്റ്റീൽ പ്ലാൻറി'നുള്ള ടെൻഡർ കൊടുത്തു കഴിഞ്ഞു. അമേരിക്കൻ സാങ്കേതിക– സാമ്പത്തിക സഹായ സംഘം ബൊക്കാറൊ പദ്ധതിയെപ്പററിയുള്ള റിപ്പോർട്ട് പൂർത്തിയാക്കി.

മൈസൂർ അയൺ ആൻഡ് സ്റ്റീൽ വർക്സിനോടനുബന്ധിച്ച്, ഫെറോ–സിലിക്കോൺ ഫാക്ടറിയുടെ പണികൾ 1962 മേയിൽ പൂർത്തിയായി. മൈസൂർ ഫാക്ടറിയുടെ ഉല്പാദനശേഷി 1 ലക്ഷം ടൺ ആകുന്നതിനുള്ള വികസന പരിപാടികൾ 1963–ൽ പൂർത്തിയാകുമെന്നു കരുതപ്പെട്ടിരുന്നു.

റാഞ്ചിയിലെ ഘനയന്ത്ര നിർമ്മാണശാലയുടെ പണിയും പുരോഗമിക്കുന്നുണ്ട്. 1963–64-ൽ ചില പ്രാഥമികോല്പാദനം നടക്കുമെന്നു കരുതപ്പെട്ടിരുന്നു. പ്രതിവർഷം 50 കോടി രൂപ വിലയ്ക്കുള്ള ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുവാനുള്ള വികസന പരിപാടികൾ നടന്നുകൊണ്ടിരിക്കുന്നു. വില്പനയ്ക്കുള്ള ഉല്പന്നങ്ങൾ 1961-62-ൽ ഈ സ്ഥാപനം നിർമ്മിച്ചു. രാമചന്ദ്രപുരത്തു നിർമ്മിക്കാനുദ്ദേശിക്കുന്ന ഘനവൈദ്യുതോപകരണശാലയുടെയും, തിരുച്ചിറപ്പള്ളിയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ബോയിലർ ഫാക്ടറിയുടെയും രൂപരേഖകൾ തയ്യാറായിക്കഴിഞ്ഞു. ഹരിദ്വാരത്തിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന യന്ത്രോപകരണശാലയുടെ സ്ഥാപനത്തിന്നായി സോവിയററ്യൂണിയനുമായി ഒരു കരാർ ഉണ്ടാക്കിയിട്ടുണ്ട്.

എച്ച്. എം. ററി.യുടെ രണ്ടാമത്തെ യന്ത്രോപകരണശാലയുടെ നിർമ്മാണം പൂർത്തിയായി. ഉല്പാദനം ആരംഭിച്ചു കഴിഞ്ഞു. ചാന്ദിഖഡിനടുത്ത് തുടങ്ങാനാലോചിക്കുന്ന

യന്ത്രോപകരണ നിർമ്മാണശാലയ്ക്കു് ആവശ്യമായ യന്ത്രസാമഗ്രികൾക്കുവേണ്ട ഓർഡറുകൾ നല്കിക്കഴിഞ്ഞു. എച്ച്. എം. ററി.യുടെ കീഴിൽ കേരളത്തിൽ മറെറാരു യന്ത്രോപകരണ ശാലയും ആരംഭിച്ചിട്ടുണ്ടു്.

നംഗലിലെ വളം നിർമ്മാണശാലയിലും ഉല്പാദനം തുടങ്ങിക്കഴിഞ്ഞു. ട്രോംബെയിലെ വളം നിർമ്മാണശാലയുടെ പണികൾ പുരോഗമിയ്ക്കുന്നു. നംരൂപ് ഫാക്ടറിയുടെ ആവശ്യത്തിനുള്ള ഉപകരണങ്ങൾക്കും ഓർഡർ നല്കിക്കഴിഞ്ഞു. ഗോറഖ്പൂരിൽ, ജപ്പാനുമായിട്ടുള്ള സഹകരണത്തോടെ, മറെറാരു വളംനിർമ്മാണ ഫാക്ടറിയുടെ നിർമ്മാണത്തിനുള്ള പരിപാടികളും തയ്യാറായിക്കഴിഞ്ഞു. മദ്ധ്യപ്രദേശിൽ, പൊതുമേഖലയിൽ ഒരു വളം നിർമ്മാണഫാക്ടറി ആരംഭിയ്ക്കണമെന്ന നിർദ്ദേശം സ്വീകരിയ്ക്കപ്പെട്ടിട്ടുണ്ടു്. റൗർക്കേല ഫാക്ടറിയിലെ രണ്ടു പ്ലാൻറുകളിൽ ഉല്പാദനം 1962 നവമ്പറിൽ ആരംഭിച്ചു.

കംപ്രസ്സുകളും പാമ്പുകളും നിർമ്മിയ്ക്കുന്നതിനുള്ള ഒരു സംരംഭത്തെസംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ റഷ്യയിൽനിന്നും ലഭിച്ചിട്ടുണ്ടു്. റഷ്യയിൽനിന്നുതന്നെ, ബാൾബെയറിംഗ്സ് നിർമ്മിയ്ക്കുന്നതിനുള്ള പദ്ധതിയെക്കുറിച്ചുള്ള സാങ്കേതിക സാമ്പത്തിക റിപ്പോർട്ടും ലഭിച്ചുകഴിഞ്ഞു.

റഷ്യൻ സഹായത്തോടെ നാലു ഔഷധ നിർമ്മാണശാലകൾ സ്ഥാപിയ്ക്കുന്നതുസംബന്ധിച്ചുള്ള റിപ്പോർട്ടു ലഭിച്ചു കഴിഞ്ഞു. അതു് പരിഗണനയിൽ ഇരിയ്ക്കുകയാണു്. ഇതിൽ മൂന്നു സ്ഥാപനങ്ങൾക്കാവശ്യമായ യന്ത്രസാമഗ്രികൾക്കു് ഓർ

ഡർ നല്കിക്കഴിഞ്ഞു. ഹിന്ദുസ്ഥാൻ ആൻറിബയോട്ടിക്സിലെ സ്റ്റ്രെപ്‌ടോമൈസിൻ ഉല്പാദന വിഭാഗത്തിൽ 1962 മാർച്ചിൽ ഉല്പാദനം ആരംഭിച്ചു. ഈ സ്ഥാപനത്തിന്റെശേഷി ഇരട്ടിയാക്കുന്നതിനുള്ള നിർദ്ദേശം അംഗീകരിക്കപ്പെട്ടിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട ചില വ്യവസായങ്ങളുടെ ഒരു പടിക രണ്ടാം അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.



## അനുബന്ധം I.

## വ്യാവസായിക വികസനം പൊതുമേഖലയിൽ

| | | ഉൽപ്പന്നം |
|---|---|---|
| 1. റൂർക്കേല ഉരുക്കു് നിർമ്മാണശാല | പണി തീർന്നു | ഉരുക്കു് |
| 2. ദുർഗ്ഗാപ്പൂർ ഉരുക്കു നിർമ്മാണശാല (a) | do | do |
| 3. ഭിലായ് ഉരുക്കു നിർമ്മാണശാല (a) | do | do |
| 4. ഹിന്ദുസ്ഥാൻ ഷിപ്പ് യാർഡ് | 1952 മാർച്ച് | കപ്പലുകൾ |
| 5. സിന്ദ്രി വളം നിർമ്മാണശാല | 1951 ഒക്ടോബർ | അമോണിയം സൾഫേററ് |
| 6. ഹിന്ദുസ്ഥാൻ മെഷീൻ ടൂൾസ് | 1954 ഒക്ടോബർ | ലേത്തുകൾ |
| 7. ഹിന്ദുസ്ഥാൻ ആൻറി ബയോട്ടിക്സ് | 1955 ആഗസ്റ്റ് | പെൻസിലിൻ |

| | | | |
|---|---|---|---|
| 8. | ഹിന്ദുസ്ഥാൻ കേബിൾസ് — | 1954 സപ്തമ്പർ | കേബിൾ |
| 9. | ഹിന്ദുസ്ഥാൻ ഇൻസെക്റ്റിസൈഡ് | | |
| | ഡൽഹി — | 1955 മാർച്ച് | ഡി. ഡി. ററി. |
| | ആലുവാ | 1957 ഡിസമ്പർ | do |
| 10. | ചിത്തരഞ്ജൻ ലോക്കോമോട്ടീവ്സ് | 1950 ഡിസമ്പർ | തീവണ്ടിഎഞ്ചിൻ |
| 11. | ഇൻറഗ്രൽ കോച്ച് ഫാക്ടറി | 1956 നവമ്പർ | കോച്ചുകൾ |
| 12. | നാഷണൽ ഇൻസ്ട്രുമെൻറ്സ് ഫാക്ടറി | ... | വാൽവുകൾ |
| 13. | ഇൻഡ്യൻ ടെലഫോൺ ഇൻഡസ്ട്രീസ് | 1949 | ടെലഫോണുകൾ |

## അനുബന്ധം II

### തെരഞ്ഞെടുക്കപ്പെട്ട വ്യവസായങ്ങൾ

**ലോഹവ്യവസായം**

1. ഉരുക്ക്.
2. ഫെറോമാൻഗനീസ്.
3. അലുമിനിയം.

**മെക്കാനിക്കൽ എൻജിനീയറിംഗ് വ്യവസായം**

4. കാർഡിംഗ് എൻജിനുകൾ.
5. സ്പിന്നിംഗ് റിംഗ് ഫ്രെയിംസ്
6. കാലിക്കോലും.

7. ചണാത്തുണി നിർമ്മാണയന്ത്രങ്ങൾ.
8. സിമൻറ് ഉല്പാദനയന്ത്രങ്ങൾ.
9. പഞ്ചസാര ഉല്പാദനയന്ത്രങ്ങൾ.
10. കടലാസ്സ് ഉല്പാദനയന്ത്രങ്ങൾ.
11. കാഷികോപകരണയന്ത്രങ്ങൾ.
12. അച്ചടിയന്ത്രങ്ങൾ.
13. സ്ട്രക്ച്ചറൽ ഫാബ്രിക്കേഷൻസ്.

## റെയിൽവേ ഉപകരണങ്ങൾ

14. റെയിൽവെ എഞ്ചിനുകൾ.
15. വാഗണുകൾ.
16. കോച്ചുകൾ
17. കപ്പൽ നിർമ്മാണം.
18. മോട്ടോർവാഹന നിർമ്മാണം.
19. മോട്ടോർ സൈക്കിൾ, സ്കൂട്ടർ.
20. ബാൾ ആൻറ് റോളർ ബെയറിംഗ്സ്.
21. പംപുകൾ.
22. ഡീസൽ എഞ്ചിനുകൾ.
23. സൈക്കിളുകൾ.
24. തുന്നൽയന്ത്രങ്ങൾ
25. ഹറികേയിൻ വിളക്കുകൾ.
26. ഉരസാധനങ്ങൾ. (ചാണ, അരം)
27. ഗ്രൈൻഡിംഗ് വീൽസ്.

## വൈദ്യുത എൻജിനീയറിംഗ് വ്യവസായങ്ങൾ

28. എലക്ട്രിക് ട്രാൻഫോർമറുകൾ.
29. എലക്ട്രിക് മോട്ടോറുകൾ.

30. കേബിളുകളും വയറും.
31. എലക്ട്രിക് പങ്കകൾ.
32. എലക്ട്രിക് വിളക്കുകൾ.
33. ഡ്രൈ ബാററീസ്.
34. സ്റ്റോറേജ് ബാററീസ്.
35. റേഡിയോ.

## രാസവസ്തു വ്യവസായങ്ങൾ

36. അമോണിയം സൾഫേററ്.
37. സൂപ്പർ ഫോസ്ഫേററ്.
38. സൾഫ്യൂരിക് ആസിഡ്.
39. സോഡാ ആഷ്.
40. കാസ്റ്റിക് സോഡാ.
41. സൾഫേററ് ഔഷധങ്ങൾ.
42. പെനിസിലിൻ.
43. ഡി. ഡി. ററി.
44. ബൻസിൻ ഹെക്സാക്ലോറൈഡ്.
45. പാരാ അമീനോ സാലിസിലിക് ആസിഡ്.
46. ഗ്ലൂക്കോസ് ദ്രാവകം.
47. ഗ്ലൂക്കോസ് പൗഡർ.
48. സിന്തെററിക് മോൾഡിംഗ് പൗഡർ.
49. പെയിൻററ്, വാർണിഷ്, എനാമിൽ.
50. നൈട്രോ-സെല്യൂലോസ് ലാകർ.

## റബ്ബറും മററു ഉല്പന്നങ്ങളും

51. സോപ്പ്
52. ടയർ (മോട്ടോർ)
53 ടയർ (സൈക്കിൾ)

54. കടലാസ്സ്
55. പത്രക്കടലാസ്
56. സിമൻററ്
57. റിഫ്രാക്ടറീസ്
58. പവർ ആൽക്കഹോൾ
59. ഇൻഡസ്ട്രിയൽ ആൽക്കഹോൾ

## തുണിവ്യവസായം

60. പരുത്തിനൂല്
61. പരുത്തിതുണി (മിൽ തുണി)
62. ചണംകൊണ്ടുള്ള ഉൽപ്പന്നങ്ങൾ
63 റയോൺ
64. സ്റ്റേപ്പിൾ ഫൈബർ
65. കമ്പളിനൂൽ
66. കമ്പളി തുണിത്തരങ്ങൾ

## തടി വ്യവസായം

67. തീപ്പെട്ടി വ്യവസായം
68. പ്ലൈവുഡ് വ്യവസായം (തേയിലപ്പെട്ടി)
69. കമേഴ്സ്യൽ പ്ലൈവുഡ്

## ഭക്ഷ്യോല്പന്ന വ്യവസായം

70. ഉപ്പ്
71. പഞ്ചസാര
72. വനസ്പതി
73. ബിസ്കററ്
74. മിഠായികളും മററു മധുരപദാത്ഥങ്ങളും

## അനുബന്ധം. II

## വ്യവസായനയപ്രമേയം.

(ന്യൂഡൽഹി, ഏപ്രിൽ 30, 1956)

ഇന്ത്യാഗവർമ്മെണ്ട് 1948 ഏപ്രിൽ 6-ാംനുയിലെ പ്രമേയത്തിൽ, വ്യാവസായികരംഗത്ത് അനുവർത്തിക്കുവാൻ ഉദ്ദേശിക്കുന്ന നയം പ്രഖ്യാപിച്ചിരുന്നു. നമ്മുടെ സമ്പത്ത് വ്യവസ്ഥയിൽ തുടർച്ചയായുള്ള ഉല്പാദനവർദ്ധനവിന്റേയും, അവയുടെ സമീകൃതവിതരണത്തിന്റേയും പ്രാധാന്യം എത്രത്തോളമുണ്ടെന്നു് ആ പ്രമേയത്തിൽ എടുത്തു് പറഞ്ഞിട്ടുണ്ട്. കൂടാതെ വ്യാവസായികവികസനത്തിൽ സ്റ്റേററ് ക്രമാനുഗതമായി സജീവ് പങ്കുവഹിക്കേണ്ടതാണെന്നും പ്രമേയം പറയുന്നു ആയുധങ്ങൾ, വെടിക്കോപ്പുകൾ എന്നിവയുടെ നിർമ്മാണം, അണുശക്തി, റയിൽവേ ഗതാഗതം എന്നിവ കേന്ദ്രഗവർമ്മേണ്ടിന്റെ കുത്തകയായിരിക്കുമെന്നുള്ളതിന്നുപുറമെ മററു ആറു അടിസ്ഥാനവ്യവസായങ്ങളിലെ വികസനത്തിന്റെ പരിപൂർണ്ണ ചുമതലയും സ്റ്റേററിനായിരിക്കുമെന്നു് ആ പ്രമേയം വ്യവസ്ഥചെയ്യുന്നു. എന്നാൽ ഈ വ്യവസായങ്ങളിൽ ദേശീയ താല്പര്യങ്ങളെ പരിഗണിച്ച് ആവശ്യമെന്നു തോന്നുന്നപക്ഷം സ്വകാര്യമേഖലയുടെ സഹകരണം തേടാവുന്നതാണ്. മററു വ്യവസായങ്ങൾ സ്വകാര്യമേഖലക്കായി നീക്കിവെക്കപ്പെട്ടു എങ്കിലും ഈ രംഗങ്ങളിലും സ്റ്റേററിന്റെ പ്രവർത്തനം ക്രമേണ വ്യാപിപ്പിക്കും എന്നു വ്യക്തമാക്കിയിട്ടുണ്ട്.

2 ഈ വ്യവസായ നയപ്രഖ്യാപനത്തിന്നുശേഷം എട്ട് സംവത്സരങ്ങൾ കഴിഞ്ഞിരിക്കുന്നു. സുപ്രധാനമായ പല വികസനങ്ങളും, വ്യതിയാനങ്ങളും ഈ എട്ടു സംവത്സരങ്ങളിൽ ഇവിടെ ഉണ്ടായിട്ടുണ്ട് ചില മൌലിക അവകാശങ്ങൾ ഉറപ്പു നല്കിക്കൊണ്ടും സ്റ്റേററു്നയങ്ങൾക്കുള്ള ചില നിർദ്ദേശകതത്വങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടും ഒരു ഭരണഘടന ഇതിനകം അംഗീകരിക്കുകയുണ്ടായി. സാമ്പത്തിക സംവിധാനം ആസൂത്രിതപരിപാടിയുടെ അടിസ്ഥാനത്തിൽ

പുരോഗമിച്ചുകൊണ്ടിരിക്കുകയാണല്ലോ. ഒന്നാം പഞ്ചവത്സര പദ്ധതി ഈ അടുത്ത കാലത്തു അവസാനിച്ചിരിക്കുകയാണ്. സാമൂഹ്യസാമ്പത്തികനയങ്ങളുടെ ലക്ഷ്യമായി ഒരു സ്ഥിതിസമത്വസമൂഹം പാർലമെൻറ് അംഗീകരിച്ചിരിക്കുന്നു. ഈ സുപ്രധാന സംഭവങ്ങൾ വ്യാവസായികനയത്തിൻെറ പുനരാവിഷ്കരണം ആവശ്യമാക്കിയിരിക്കുന്നു; പ്രത്യേകിച്ച് രണ്ടാം പഞ്ചവത്സര പദ്ധതി രാഷ്ട്രത്തിന്നു സമർപ്പിക്കുവാൻ പോകുന്ന ഈ കാലഘട്ടത്തിൽ ഈ നയം രൂപീകരിക്കേണ്ടതു് ഭരണഘടനയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള തത്വങ്ങളും സോഷ്യലിസ്റ്റ് ലക്ഷ്യങ്ങളും ഈ കഴിഞ്ഞ സംവരങ്ങളിൽ ഉണ്ടായ അനുഭവങ്ങളും അടിസ്ഥാനമാക്കിയാണ്.

3. ഭരണഘടനയുടെ ആമുഖത്തിൽ ഇന്ത്യയിലെ പൌരന്മാർക്ക് താഴെപറയുന്ന കാര്യങ്ങൾ നേടിക്കൊടുക്കുകയാണ് അതിൻെറ ലക്ഷ്യമെന്നു് പ്രഖ്യാപിച്ചിരിക്കുന്നു.

സാമൂഹ്യസാമ്പത്തിക രാഷ്ട്രീയ നീതി

അഭിപ്രായപ്രകടനം, മതവിശ്വാസം, ആചാരനുഷ്ഠാനം എന്നിവകളുള്ള സ്വാതന്ത്ര്യം.

അവസരസമത്വം

വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിൻെറ ഐക്യവും ഉറപ്പുനൽകുന്ന സാഹോദര്യം എല്ലാവരിലും വളർത്തുന്നതിനുള്ള പ്രോത്സാഹനം.

സ്റ്റേററിൻെറ നയം സംബന്ധിച്ച നിർദ്ദേശകതത്വങ്ങളിൽ താഴെപറയും പ്രകാരം പ്രഖ്യാപിച്ചിരിക്കുന്നു.

“ദേശീയ ജീവിതത്തിൻെറ എല്ലാ തലങ്ങളിലും എല്ലാവർക്കും സാമൂഹ്യ–സാമ്പത്തിക രാഷ്ട്രീയ നീതി ലഭ്യമാകുന്ന ഒരു സാമൂഹ്യക്രമം പടുത്തുയർത്തി ജനങ്ങളുടെ ക്ഷേമം സ്റ്റേററ് വളർത്തേണ്ടതാണ്”.

“കൂടാതെ താഴെപറയുന്ന കാര്യങ്ങൾ നേടുവാൻവേണ്ടി സ്റ്റേററ് അതിൻെറ നയങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്”

a) എല്ലാ പൌരന്മാർക്കും, സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യമായി, ഉപജീവനമാർഗ്ഗത്തിനുള്ള അവകാശം ഉണ്ടായിരിക്കുക.

b) നമ്മുടെ വിഭവത്തിൻെറ ഉടമാവകാശം പൊതുനന്മക്കായി നീതിപൂർവ്വം വിതരണം ചെയ്യുക.

c) ധനത്തിൻേറയും, ഉല്പാദനോപകരണങ്ങളുടേയും നാശോന്മുഖമായ കേന്ദ്രീകരണം ഒഴിവാക്കുക.

d) സ്ത്രീക്കും പുരുഷനും തുല്യവേലക്കു തുല്യവേതനം നല്കുക.

e) തൊഴിലാളികളുടെ ആരോഗ്യവും ശക്തിയും, കുട്ടികളുടെ ബാല്യവും ചൂഷണം ചെയ്യപ്പെടുന്നതിൽനിന്നും സംരക്ഷിക്കുക. അതു കൂടാതെ അവരുടെ പ്രായത്തിന്നും ശക്തിക്കും അനുയോജ്യമല്ലാത്ത തൊഴിലുകളിൽ ഏർപ്പെടുവാൻ നിർബ്ബന്ധിക്കുന്ന സാമ്പത്തികസമ്മർദ്ദവും ഒഴിവാക്കുക.

f) ബാല്യവും യുവത്വവും ചൂഷണങ്ങളിൽനിന്നും ധാർമ്മികാധഃപതനത്തിൽനിന്നും സംരക്ഷിക്കുക.''

4. ഒരു സോഷ്യലിസ്റ്റ് സാമൂഹ്യക്രമമാണ് നമ്മുടെ സാമൂഹ്യ സാമ്പത്തിക നയങ്ങളുടെ ലക്ഷ്യമെന്നു് പാർലമെൻററ് 1954 ഡിസമ്പറിൽ അംഗീകരിച്ചതോടുകൂടി മേൽ പ്രസ്താവിച്ച അടിസ്ഥാനതത്വങ്ങൾക്കു് കുറേക്കൂടി വ്യക്തമായ രൂപം നല്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടു് വ്യവസായനയവും മററു നയങ്ങളെപ്പോലെ മേൽ പ്രസ്താവിച്ച തത്വങ്ങൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായിരിക്കേണ്ടതാണ്.

5. ഈ ലക്ഷ്യം കൈവരിക്കുവാൻ സാമ്പത്തികവളർച്ചയുടെ വേഗത വർദ്ധിപ്പിക്കേണ്ടതുണ്ടു്; വ്യവസായവൽക്കരണവും ശീഘ്രഗതിയിൽ നടത്തേണ്ടിയിരിക്കുന്നു, പ്രത്യേകിച്ചു് ഘനവ്യവസായങ്ങളും യന്ത്രനിർമ്മാണവ്യവസായവും വികസിപ്പിക്കേണ്ടതാണ്. അതുപോലെതന്നെ പൊതുമേഖല വികസിപ്പിക്കേണ്ടതും പുരോഗമനോന്മുഖമായ സഹകരണമേഖല കെട്ടിപ്പടുക്കേണ്ടതും ആവശ്യമാണ്. ഇവ ജനലക്ഷങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും സൗഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പ്രയോജനപ്രദമായ തൊഴിൽസൌകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമുള്ള സാമ്പത്തികാസ്ഥിവാരമാണ്. തുല്യപ്രാധാന്യമുള്ള മറെറാരു കാര്യം സാമ്പത്തികമായി നിലവിലുള്ള അസമത്വങ്ങൾ കഴിയുന്നതുംവേഗം ചുരുക്കണമെന്നുള്ളതാണ്. ചുരുക്കം ചില വ്യക്തികളിലേക്കുള്ള ധനഃകേന്ദ്രീകരണവും സ്വകാര്യകുത്തകയും അവസാനിപ്പിക്കുവാനും ഇതു് ആവശ്യമാണ്. അതുകൊണ്ടു്, പുതിയ വ്യവസായസ്ഥാപനങ്ങൾ ആരംഭിക്കുന്ന

തിനും ഗതാഗതസൌകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും സ്റ്റേററ് സുപ്രധാനമായ ഒരു പങ്കു ഏറെറടുക്കുന്നതാണ്. വർദ്ധമാനമായതോതിൽ വാണിജ്യവും സ്റ്റേററ് നടത്തുന്നതായിരിക്കും. അതേസമയംതന്നെ, ആസൂത്രിത ദേശീയവികസനത്തിൻെറ ഒരു ഏജൻറ് എന്നനിലക്കു സ്വകാര്യമേഖലയ്ക്കും വികസിയ്ക്കുവാൻ അവസരമുണ്ടായിരിക്കും. പൊതുമേഖലയും സ്വകാര്യമേഖലയും തമ്മിലുള്ള ഈ സഹകരണം സാദ്ധ്യമായ രംഗങ്ങളിലെല്ലാം ഉണ്ടായിരിക്കേണ്ടതാണ്; സ്വകാര്യമേഖലയുടെ പ്രവർത്തനം വർദ്ധമാനമായതോതിൽ സഹകരണപ്രസ്ഥാനങ്ങൾ വഴിയായിരിക്കുകയും വേണം.

6. ഒരു സോഷ്യലിസ്റ്റ് സാമൂഹ്യക്രമം ദേശീയമായി അംഗീകരിക്കകൊണ്ടും ആസൂത്രിതമായ ശീഘ്രവികസനം അത്യന്താപേക്ഷിതമായിരിക്കുന്നതുകൊണ്ടും, അടിസ്ഥാനവ്യവസായങ്ങളും പ്രതിരോധപ്രാധാന്യമുള്ള വ്യവസായങ്ങളും പൊതുഉതവിസ്വഭാവമുള്ള വ്യവസായങ്ങളും പൊതുമേഖലയിൽ ആയിരിക്കേണ്ടിയിരിക്കുന്നു. ഇന്നത്തെ സാഹചര്യത്തിൽ സ്റ്റേററിനുമാത്രം സാദ്ധ്യമായത്ര മുതൽമുടക്ക് വേണ്ടിവരുന്ന മററ് അനുപേക്ഷണീയമായ വ്യവസായങ്ങളും പൊതുമേഖലയിൽതന്നെ ആരംഭിക്കേണ്ടതാണ് ഈ കാരണങ്ങളാൽ ഭാവിയിലുള്ള വ്യവസായവികസനത്തിൻെറ ചുമതല വ്യാപകമായതോതിൽ സ്റ്റേററ് നേരിട്ട് ഏറെറടുക്കേണ്ടതുണ്ട്. എങ്കിലും, സ്റ്റേററിൻെറ പ്രവർത്തനങ്ങൾ ചില ഘടകങ്ങളുടെ നിയന്ത്രണത്തിനു് വിധേയമായതുകൊണ്ട് ഏതെല്ലാം രംഗങ്ങളിൽ സ്റ്റേററ് പൂർണ്ണ ഉത്തരവാദിത്തം ഏറെറടുക്കുമെന്നും ഏതെല്ലാം രംഗങ്ങളിലാണ് പ്രധാനമായ ഒരു പങ്ക് മാത്രം വഹിക്കുന്നതെന്നും നിശ്ചയിക്കേണ്ടിയിരിക്കുന്നു ഈ പ്രശ്നത്തിൻെറ എല്ലാ വശങ്ങളും പരിഗണിച്ച് ആസൂത്രണകമ്മീഷനുമായി ആലോചിച്ച്, സ്റ്റേററ് വഹിക്കുവാനുദ്ദേശിക്കുന്ന ചുമതലയുടെ അടിസ്ഥാനത്തിൽ വ്യവസായങ്ങളെ മൂന്നായി തരംതിരിക്കാൻ ഇന്ത്യാഗവൺമെൻറ് തീരുമാനിക്കുകയുണ്ടായി. ഈ മൂന്നു വിഭാഗങ്ങളും ഒരു പരിധിവരെ അതിവ്യാപിച്ചു എന്നുവരാം; ഒരു വിട്ടുവീഴ്ചയുമില്ലാത്ത തരംതിരിക്കൽ ഉദ്ദേശത്തെതന്നെ പരാജയപ്പെടുത്തുമല്ലൊ. എന്നാൽ അടിസ്ഥാനതത്വങ്ങളും, ലക്ഷ്യങ്ങളും തെററാതെ

നോക്കേണ്ടതുണ്ട്. ഏതുവിധത്തിലുള്ള വ്യവസായോല്പാദനവും ഏറെറടുക്കുവാൻ എപ്പോഴും സ്റ്റേററിനു് അധികാരമുണ്ടായിരിക്കും എന്നുള്ളതും ഇത്തരുണത്തിൽ സ്മരണീയമാണു്.

7. ചില വ്യവസായങ്ങളുടെ ഭാവി വികസനത്തിൻെറ ചുമതല പരിപൂർണ്ണമായും സ്റ്റേററിൻെറതായിരിക്കും; ആ വ്യവസായങ്ങളാണ് ഒന്നാമത്തെ വിഭാഗം മററു ചില വ്യവസായങ്ങളുടെ ഉടമാവകാശം ക്രമാനുഗതമായി സ്റ്റേററിൻെറതായിത്തീരും പുതിയവ സ്റ്റേററു മാത്രമേ ആരംഭിക്കുകയുള്ളു; എങ്കിലും സ്റ്റേററിൻെറ പ്രവർത്തനങ്ങൾക്ക് സഹായകമായി സ്വകാര്യമേഖലയും പ്രവർത്തിക്കാം; ഈ വ്യവസായങ്ങളാണ് രണ്ടാമത്തെ വിഭാഗം. മറെറല്ലാ വ്യവസായങ്ങളും മൂന്നാമത്തെ വിഭാഗത്തിൽ പെട്ടത്തിയിരിക്കുന്നു. ഇവയുടെ ഭാവി വികസനത്തിനുള്ള ചുമതല സ്വകാര്യമേഖലയ്ക്കു് വിട്ടുകൊടുത്തിരിക്കുകയാണു്.

8. ഈ പ്രമേയത്തിൻെറ 'എ' പട്ടികയിൽ ഒന്നാം വിഭാഗത്തിൽപെട്ട വ്യവസായങ്ങൾ ഏതെല്ലാമെന്നു് പറഞ്ഞിട്ടുണ്ട. ഈ വ്യവസായങ്ങളിലെ പുതിയ സ്ഥാപനങ്ങൾ—സ്വകാര്യ മേഖലയിലാരംഭിക്കുവാൻ അംഗീകാരം നല്കിക്കഴിഞ്ഞിട്ടുള്ളവയൊഴിച്ച്—സ്റ്റേററ് മാത്രമേ ആരംഭിക്കുകയുള്ളു. എന്നിരുന്നാലും സ്വകാര്യമേഖലയിൽ ഇന്നു നിലവിലുള്ള സ്ഥാപനങ്ങൾ വികസിക്കുവാൻ അനുവദിക്കുകയില്ലെന്നോ ദേശീയതാല്പര്യങ്ങൾക്ക് ആവശ്യമെന്നു് തോന്നുമ്പോൾ പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ സ്വകാര്യമേഖലയുടെ സഹകരണം ആരായില്ലെന്നോ അർത്ഥമില്ല ഏതായാലും റെയിൽവെ, വ്യോമഗതാഗതം, ആയുധനിർമ്മാണം, വെടിക്കോപ്പ് നിർമ്മാണം, അണുശക്തി എന്നിവ കേന്ദ്ര സർക്കാരിൻെറ കുത്തകയായി വികസിപ്പിക്കുന്നതാണു്. സ്വകാര്യമേഖലയുമായി സഹകരണം ആവശ്യമായി വരുമ്പോൾ വ്യവസായ സ്ഥാപനത്തിൻെറ നയരൂപീകരണത്തിലും നടത്തിപ്പിലും സ്റ്റേററിനു് ആവശ്യമായ അധികാരം ഉണ്ടായിരിക്കുവാൻ, (ഓഹരി മൂലധനം കൂടുതൽ മുടക്കിയോ മററു മാർഗ്ഗങ്ങളിൽ കൂടിയോ) ശ്രദ്ധിക്കുന്നതായിരിക്കും.

9 'ബി' പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളവയാണ് രണ്ടാമത്തെ വിഭാഗത്തിൽപെട്ട വ്യവസായങ്ങൾ ഇവയുടെ ഭാവി വികസനം ത്വരിതപ്പെടുത്തുവാൻ പുതിയ സ്ഥാപനങ്ങൾ സ്റ്റേററ് ആരംഭിക്കുന്നതാണ്. അതേ സമയം തന്നെ, സ്റ്റേററിന്റെ സഹകരണം നേടിക്കൊണ്ടോ സ്വമേധയാതന്നെയൊ സ്വകാര്യമേഖലക്ക് വികസിക്കുവാനുള്ള അവസരവും ലഭിക്കുന്നതാകുന്നു.

10. മറെറല്ലാ വ്യവസായങ്ങളും മൂന്നാമത്തെ വിഭാഗത്തിൽപെടുന്നു. ഇവയുടെ വികസനത്തിന്റെ ചുമതല സ്വകാര്യമേഖല ഏറെറടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് തുടരെയുള്ള പഞ്ചവത്സരപദ്ധതികളുടെ പരിപാടികൾക്ക് വിധേയമായി സ്വകാര്യമേഖലയിൽ ഈ വ്യവസായങ്ങളുടെ വികസനത്തിന്നാവശ്യമായ പ്രോത്സാഹനം നല്കുകയെന്നുള്ളതു് സ്റ്റേററിന്റെ നയമായിരിക്കും. ഗതാഗത സൌകര്യങ്ങൾ വിദ്യുച്ഛക്തി എന്നിവ ബന്ധിപ്പിച്ചും മററു സേവനങ്ങൾ നല്കിയും വേണ്ട പ്രോത്സാഹനം നല്കുന്നതാണ്. ഈ വ്യവസായങ്ങൾക്ക് ധനസഹായം നല്കുവാനുള്ള സ്ഥാപനങ്ങൾ സക്കാർ ആരംഭിക്കുന്നതാണ് സഹകരണാടിസ്ഥാനത്തിലുള്ളവക്കു് പ്രത്യേക പരിഗണനയും സഹായവും ലഭ്യമാവുകയും ചെയ്യും സ്വകാര്യമേഖലയിൽ അഹിക്കുന്നവക്ക് സാമ്പത്തിക സഹായവും നല്കും. ഗണ്യമായ ഒരു തുക ധനസഹായമായി നല്കേണ്ടതുണ്ടെങ്കിൽ ഓഹരിമൂലധനമായോ കടപ്പത്രമായോ ആയിരിക്കും അതു് നല്കപ്പെടുന്നതു്.

11. സ്വകാര്യ വിഭാഗത്തുള്ള വ്യവസായ സ്ഥാപനങ്ങളുടെ പ്രവത്തനം സ്റ്റേററിന്റെ സാമൂഹ്യസാമ്പത്തിക നയത്തിന്നു അനുയോജ്യമായിരിക്കണം. വ്യവസായ(വികസന–നിയന്ത്രണ) നിയമം തുടങ്ങിയ ബന്ധപ്പെട്ട നിയമങ്ങൾക്ക് വിധേയമായേ അവ പ്രവത്തിക്കാവൂ. എന്നിരുന്നാലും, ദേശീയ വികസന പദ്ധതികളുടെ ഉദ്ദേശങ്ങൾക്കും ലക്ഷ്യങ്ങൾക്കും നിരക്കുന്ന രീതിയിൽ ഈ വ്യവസായ സ്ഥാപനങ്ങൾക്കു് കഴിയുന്നത്ര സ്വതന്ത്രമായി വളരുവാനുള്ള അവസരം നല്കേണ്ടതിന്റെ ആശാസ്യത ഇന്ത്യാ ഗവർമ്മെണ്ട് അംഗീകരിക്കുന്നുണ്ട്. ഒരേ വ്യവസായത്തിൽ പൊതുമേഖലയിലേയും, സ്വകാര്യമേഖലയിലേയും സ്ഥാപനങ്ങൾ ഉള്ള

ഒപ്പാൾ അവക്ക് വിവേചനരഹിതവും നീതിയുക്തവുമായ പരിഗണന നല്കും എന്ന നയം ഗവണ്മെന്റ് തുടരുന്നതാണ്.

12. വ്യവസായങ്ങളെ പ്രത്യേകം പ്രത്യേകമായി തരം തിരിച്ചിരിക്കുന്നതു് അഭേദ്യമായ ഒരു വിഭജനമല്ല. പൊതു മേഖലയിലും സ്വകാര്യമേഖലയിലുമുള്ള വ്യവസായങ്ങൾ ഘടനയിൽ അതിവ്യാപിച്ചു കിടക്കുന്ന രംഗങ്ങൾ ഉണ്ടെന്നു മാത്രമല്ല അവ പരസ്പരം വളരെയധികം ബന്ധപ്പെട്ടാണ് പ്രവർത്തിക്കുന്നതു്. ആസൂത്രണ പരിപാടിയുടെ ആവശ്യത്തെ മുൻനിറുത്തിയോ, മറെറന്തെങ്കിലും കാരണത്താലോ 'എ' പട്ടികയിലും, 'ബി' പട്ടികയിലും ചേർത്തിട്ടില്ലാത്ത വ്യവസായം ആരംഭിക്കുന്നതിനും സ്റ്റേററിനു് സ്വാതന്ത്ര്യം ഉണ്ടായിരിക്കും. സ്വകാര്യമേഖലയിലുള്ള വ്യവസായത്തിന്നു് അവരുടെതന്നെ ആവശ്യങ്ങൾക്കായോ, അല്ലെങ്കിൽ ഉപോൽപന്നമായോ 'എ' പട്ടികയിൽ ചേർത്തിട്ടുള്ളവയിൽ ഏതെങ്കിലും ഉല്പാദിപ്പിക്കുവാൻ യുക്തമെന്നു തോന്നുന്നപക്ഷം അനുവദിക്കാവുന്നതാണു്. ചെറുതരം ബോട്ടുകൾ, പ്രാദേശികാവശ്യങ്ങൾക്കുള്ള വിദ്യുച്ഛക്തിയുല്പാദനം ചെറുതരത്തിലുള്ള ഖനനം തുടങ്ങിയ തുറകളിൽ സ്വകാര്യ ഉടമയിലും ചെറിയ സ്ഥാപനങ്ങൾക്കു് പ്രവർത്തിക്കാൻ സാധാരണഗതിയിൽ പ്രതിബന്ധമുണ്ടായിരിക്കുകയില്ല. പൊതുമേഖലയിലുള്ള ഘന വ്യവസായങ്ങൾക്കാവശ്യമുള്ള ചെറു സാധനങ്ങൾ സ്വകാര്യ സ്ഥാപനങ്ങളിൽനിന്നും സ്വീകരിക്കാവുന്നതാണു് അതു പോലെതന്നെ സ്വകാര്യ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾക്കു പൊതുമേഖലയേയും ആശ്രയിക്കാവുന്നതാണ്. വൻകിട–ചെറുകിട വ്യവസായങ്ങൾ തമ്മിലുള്ള ബന്ധത്തിലും ഈ തത്വം വ്യാപകമായ തോതിൽ ബാധകമാകുന്നതാണ്.

13. ദേശീയ സമ്പത്തു് വികസനത്തിൽ ഗ്രാമീണ—കുടിൽ–ചെറുകിട വ്യവസായങ്ങൾക്കു് പ്രധാനമായ ഒരു പങ്കു് ഇന്ത്യാ ഗവർമ്മെണ്ടു് നല്കുന്നുണ്ടു്. അടിയന്തിരമായി പരിഹാരം കാണേണ്ട ചില പ്രശ്നങ്ങളുടെ കാര്യത്തിൽ വ്യവസായങ്ങൾക്കു് ചില നേട്ടങ്ങൾ ഉണ്ടാക്കുവാൻ കഴിയും. വലിയതോതിലുള്ള തൊഴിൽസാദ്ധ്യതകൾ, ദേശീയവരുമാനം നീതിപൂർവ്വമായി വിതരണംചെയ്യാനുള്ള മാർഗ്ഗങ്ങൾ വിനിയോഗിക്കപ്പെടാതിരിക്കുന്ന മൂലധനവും വൈദഗ്ദ്ധ്യവും

ഫലപ്രദമായരീതിയിൽ സമാഹരിക്കൽ തുടങ്ങിയവയാണ് ഇവകൊണ്ടുണ്ടാകുന്ന നേട്ടങ്ങൾ. രാജ്യത്തിലുടനീളം ചെറിയതോതിലുള്ള വ്യാവസായികോല്പാദനകേന്ദ്രങ്ങൾ സ്ഥാപിക്കുകവഴി പട്ടണങ്ങളുടെ ആസൂത്രിതമല്ലാതുള്ള വളർച്ചകൊണ്ടു് ഉണ്ടായേക്കാവുന്ന ചില പ്രശ്നങ്ങൾ ഒഴിവാക്കുവാൻ സാധിക്കുകയും ചെയ്യും.

14. വൻകിട വ്യവസായങ്ങളുടെ ഉല്പാദനത്തോത് നിയന്ത്രിച്ചും, വിവേചനപരമായി നികുതി ചുമത്തിയും, ധനസഹായം നൽകിയും, കുടിൽ ഗ്രാമീണ – ചെറുകിട വ്യവസായങ്ങളെ സഹായിക്കുക എന്ന നയമാണ് സ്റ്റേറ്റ് അനുവർത്തിച്ചുവരുന്നതു്. ആവശ്യമുള്ളപ്പോഴെല്ലാം ഈ നടപടികൾ കൈക്കൊള്ളുന്നതാണ്. എങ്കിലും സ്വാശ്രയത്തോടെ വികസിക്കുന്നതിനുള്ള കഴിവ് വികേന്ദ്രീകൃത വിഭാഗത്തിലെ വ്യവസായങ്ങൾക്ക് ഉണ്ടാവുക എന്നതായിരിക്കും സ്റ്റേറ്റിന്റെ നയം. ഇവയുടെ വികസനം വൻകിട വ്യവസായങ്ങളുടെ വികസനവുമായി ബന്ധപ്പെട്ടതാണ്. അതിനാൽ ചെറുകിട ഉല്പാദകരുടെ മാത്സര്യശക്തി വർദ്ധിപ്പിക്കുന്നതിനുതകുന്ന നടപടികൾ കൈക്കൊള്ളുന്നതിൽ സ്റ്റേറ്റ് ശ്രദ്ധിക്കുന്നതാണ്. ഇതിലേക്കു ഉല്പാദനസമ്പ്രദായങ്ങൾ മെച്ചപ്പെടുത്തുകയും, നവീകരിക്കുകയും വേണം. എന്നാൽ ഇതുകൊണ്ടു് ഉണ്ടായേക്കാവുന്ന തൊഴിലില്ലായ്മ കഴിയുന്നതും ഒഴിവാക്കുന്ന രീതിയിലുള്ള നിയന്ത്രണത്തോടുകൂടിയെ പരിവർത്തനങ്ങൾ വരുത്താവൂ. സാമ്പത്തിക, സാങ്കേതിക സഹായങ്ങൾ അനുയോജ്യമായ സ്ഥലസൌകര്യങ്ങൾ റിപ്പേറിനും മറ്റുമുള്ള ഏർപ്പാടുകൾ എന്നിവയുടെ അപര്യാപ്തതയാണ് ചെറുകിട ഉല്പാദകർ നേരിടുന്ന പ്രധാന പ്രതിബന്ധങ്ങൾ. ഈ കുറവു പരിഹരിക്കുന്നതിന്നുവേണ്ടി ആദ്യപടി എന്നോണം വ്യാവസായിക എസ്റ്റേറ്റുകളും, റൂറൽ കമ്മ്യൂണിറ്റി വർക്ക്ഷോപ്പുകളും ആരംഭിച്ചിട്ടുണ്ടു്. ഗ്രാമീണവൈദ്യുതീകരണവും തൊഴിലാളികളുടെ കഴിവിന്നനുസരിച്ചുള്ള വിലക്ക് വിദ്യുച്ഛക്തി ലഭ്യമാകുന്നതും വളരെ സഹായകരമായിരിക്കും. വ്യാവസായിക സഹകരണസംഘങ്ങൾക്ക് ചെറുകിട ഒല്പാദനവുമായി ബന്ധപ്പെട്ട വളരെ അധികം പ്രവർത്തനങ്ങളെ സഹായിക്കുവാൻ കഴിയും. ഈ

സഹകരണസംഘങ്ങൾക്ക് എല്ലാവിധ പ്രോത്സാഹനവും നൽകേണ്ടതാണ്. കുടിൽ—ഗ്രാമീണ—ചെറുകിട വ്യവസായങ്ങളുടെ വികസനത്തിൽ സ്റ്റേറ്റ് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

15. വ്യവസായവൽക്കരണംകൊണ്ട് രാജ്യത്തിൻെറ സമ്പത്ത്വ്യവസ്ഥക്ക് ആകെ നേട്ടം ഉണ്ടാകുന്നതിനു വേണ്ടി വികസനനിലവാരത്തിൽ പ്രദേശങ്ങൾ തമ്മിലുള്ള അന്തരം ക്രമേണ കുറക്കേണ്ടതാണ്. ആവശ്യമുള്ള അസംസ്കൃത സാധനങ്ങളുടെയും മററു പ്രകൃതിവിഭവങ്ങളുടേയും കുറവുകൊണ്ടാണ് പല പ്രദേശങ്ങളിലും വ്യവസായങ്ങൾ വളരാതിരിക്കുന്നത്. വിദ്യുച്ഛക്തി, വെള്ളം, ഗതാഗതസൌകര്യങ്ങൾ എന്നിവ സുലഭമായിട്ടുള്ള ചില പ്രദേശങ്ങളിൽ വ്യവസായങ്ങൾ കേന്ദ്രീകരിച്ചിട്ടുണ്ട്. വ്യാവസായികമായി പിന്നോക്കംനില്ക്കുന്ന സ്ഥലങ്ങളിലും, തൊഴിൽസൌകര്യങ്ങൾ വദ്ധിപ്പിക്കേണ്ട ആവശ്യം കൂടുതലായുള്ള സ്ഥലങ്ങളിലും, അവ മററുകാര്യങ്ങളിൽ അനുയോജ്യമാണെങ്കിൽ, വിദ്യുച്ഛക്തി, വെള്ളം, ഗതാഗതം എന്നിവ സുലഭമാക്കുക എന്നതു് ദേശീയ ആസൂത്രണത്തിൻെറ ലക്ഷ്യങ്ങളിൽ ഒന്നാണ്. വ്യാവസായിക — കാഷികമണ്ഡലങ്ങളുടെ ഏകീകൃതവും സംതുലിതവുമായ വികസനം ഓരോ പ്രദേശത്തും ഉണ്ടായാൽ മാത്രമേ ജനങ്ങളുടെ ജീവിതനിലവാരം ഉയരുകയുള്ളു.

16. വ്യാവസായിക വികസനത്തിനുള്ള ഈ പരിപാടി നടപ്പാക്കുന്നതിനു് സാങ്കേതികമായും, ഭരണപരമായും വൈദഗ്ദ്ധ്യംനേടിയിട്ടുള്ള കൂടുതൽ ആളുകൾ ആവശ്യമായിവരും, പൊതുമേഖലയുടേയും ഗ്രാമീണ ചെറുകിടവ്യവസായങ്ങളുടേയും വികസനത്തിനുള്ള ആവശ്യത്തെ മുൻനിറുത്തി ഭരണകത്താക്കൾക്കും, സാങ്കേതികവിദഗ്ദ്ധക്കും പ്രത്യേകം കേഡറുകൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. മേൽനോട്ടം വഹിക്കുന്ന ആളുകളുടെ ദൌർലഭ്യവും പരിഹരിക്കുന്നതിന്നു വേണ്ടി പൊതുമേഖലയിലും, സ്വകാര്യമേഖലയിലും അപ്രൻറീസ് പദ്ധതിഅനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സവ്വകലാശാലകളിലും മററു സ്ഥാപനങ്ങളിലും

'വ്യവസായഭരണ'ത്തെ സംബന്ധിച്ചുള്ള പരിശീലനം നൽകാനുള്ള ഏർപ്പാടുകൾ ചെയ്യുന്നതാണ്.

17. വ്യവസായത്തിൽ ജോലിചെയ്യുന്നവർക്കെല്ലാം ശരിയായ സൌകര്യങ്ങളും പ്രോത്സാഹനങ്ങളും നൽകേണ്ടതു് ആവശ്യമാണ്. തൊഴിലാളികളുടെ തൊഴിൽസാഹചര്യങ്ങളും ജീവിതസൌകര്യങ്ങളും മെച്ചപ്പെടുത്തണം. അവരുടെ പ്രവർത്തനശേഷി വർദ്ധിപ്പിക്കണം. വ്യവസായപുരോഗതിക്കു് പരമപ്രധാനമായ ഒരാവശ്യമാണ് വ്യവസായസമാധാനം. ഒരു ജനായത്ത സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിലെ പൊതുലക്ഷ്യമായ വികസനത്തിൽ തികഞ്ഞ ഉത്തേജനത്തോടുകൂടി അവർ പങ്കുചേരേണ്ടതാണ്. വ്യവസായബന്ധത്തെ ബാധിക്കുന്ന ചില നിയമങ്ങൾ നിലവിൽവന്നിട്ടുണ്ടു്. തൊഴിലുടമയുടേയും, തൊഴിലാളിയുടേയും കർത്തവ്യങ്ങൾ അംഗീകരിച്ചുകൊണ്ടു് വിശാലാടിസ്ഥാനത്തിൽ ഒരു പൊതുസമീപനം ഈ രംഗത്ത് ഉണ്ടായിട്ടുണ്ടു് സംയുക്ത കൂടിയാലോചനകൾ ഉണ്ടായിരിക്കണം. കൂടാതെ തൊഴിലാളികളേയും, സാങ്കേതിക വിദഗ്ദ്ധന്മാരേയും സാദ്ധ്യമാകുന്ന രീതിയിൽ മാനേജ്മെൻറ് കാര്യങ്ങളിൽ ക്രമേണ കൂടുതലായി പങ്കെടുപ്പിക്കേണ്ടതാണ്. ഇതിനു പൊതുമേഖലാസ്ഥാപനങ്ങൾ മാതൃകയായി പ്രവർത്തിക്കേണ്ടതാണ്.

18. വ്യാവസായിക വാണിജ്യരംഗങ്ങളിൽ സ്റ്റേററിൻെറ പങ്കാളിത്തം വർദ്ധിക്കുന്നതോടുകൂടി അവ നടത്തുന്ന രീതിയ്ക്കും കൂടുതൽ പ്രാധാന്യം ഉണ്ടാകുന്നു. ഈ സംരംഭങ്ങൾ വിജയിക്കണമെങ്കിൽ തീരുമാനങ്ങൾ ദ്രുതഗതിയിൽ എടുക്കാനുള്ള കഴിവും ചുമതല ഏല്ക്കാനുള്ള സന്നദ്ധതയും അത്യാവശ്യമാണ്. ഇതിലേക്കു് സാദ്ധ്യമാകുന്നിടങ്ങളിൽ അധികാരം വികേന്ദ്രീകരിക്കുകയും ഭരണക്രമം ബിസിനസ്സിനനുയോജ്യമായരീതിയിലാക്കുകയും വേണം. സ്റ്റേററിൻെറ വരുമാനവും, പുരോഗമനോന്മുഖമായ വികസനത്തിനുള്ള സാമ്പത്തികശേഷിയും പൊതുസ്ഥാപനങ്ങളുടെ പ്രവർത്തനംമുഖേന വർദ്ധിക്കുമെന്നാണ് പ്രതീക്ഷിക്കേണ്ടതു്. ചിലപ്പോൾ ഈ സ്ഥാപനങ്ങൾക്കു് നഷ്ടം സംഭവിച്ചു എന്നുവരാം. മൊത്തമായ ഫലത്തിൻെറ അടിസ്ഥാനത്തിൽവേണം പൊതു സ്ഥാ

പന്നങ്ങളെ വിലയിരുത്തേണ്ടതു്. പ്രവൎത്തനത്തിൽ അവക്കു് ആവ്യന്നത്ര സ്വാതന്ത്ര്യവും അനുവദിക്കേണ്ടതാണു്.

19. 1948-ലെ വ്യവസായനയപ്രമേയത്തിൽ മററു പല വിഷയങ്ങളും പരാമൎശിക്കപ്പെട്ടിട്ടുണ്ടു്. അവയെസംബന്ധിച്ചു് അനുയോജ്യമായ നിയമങ്ങളോ, ആധികാരികമായ നയപ്രഖ്യാപനങ്ങളോ അതിനുശേഷം ഉണ്ടായിട്ടുണ്ടു്. വ്യവസായങ്ങളുടെ കാൎയ്യത്തിൽ കേന്ദ്രസൎക്കാരിൻേറയും സംസ്ഥാന സൎക്കാരിൻേറയും ചുമതലകൾ എന്താണെന്നു് വ്യവസായങ്ങളുടെ വികസനത്തേയും നിയന്ത്രണത്തേയും സംബന്ധിച്ച നിയമത്തിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ടു്. വിദേശമൂലധനത്തിൻെറ കാൎയ്യത്തിൽ സ്റ്റേററിൻെറ നയം ഇന്ത്യൻ പാൎലമെൻററിൽ 1949 ഏപ്രിൽ ആറാംതിയതി പ്രധാനമന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. അതിനാൽ ആ വിഷയങ്ങളെ സംബന്ധിച്ചു് ഈ പ്രമേയത്തിൽ പരാമൎശിക്കേണ്ട ആവശ്യമില്ല. വ്യവസായനയത്തെ സംബന്ധിച്ച ഈ പുനഃപ്രഖ്യാപനം എല്ലാ വിഭാഗത്തിൽപെട്ട ജനങ്ങളുടേയും പിന്തുണ ആൎജ്ജിക്കുമെന്നും, രാഷ്ട്രത്തിൻെറ ശീഘ്രതയിലുള്ള വ്യവസായവല്ക്കരണത്തെ സഹായിക്കുമെന്നും ഇന്ത്യാഗവൎമ്മേണ്ടു് വിശ്വസിക്കുന്നു.

## പട്ടിക ഏ.

1. ആയുധങ്ങൾ, പടക്കോപ്പുകൾ, മററ ബന്ധപ്പെട്ട പ്രതിരോധോപകരണങ്ങൾ.

2. അണുശക്തി.

3. ഇരുമ്പു്, ഉരുക്കു്.

4. ഇരുമ്പു്, ഉരുക്കുവാൎത്തു രൂപപ്പെടുത്തൽ

5. ഇരുമ്പു്, ഉരുക്കു്, ഖനനം, യന്ത്രനിൎമ്മാണം തുടങ്ങിയവക്കും, കൂടാതെ കേന്ദ്ര ഗവൎമ്മേണ്ടു് നിൎദ്ദേശിക്കുന്ന മററു അടിസ്ഥാന വ്യവസായങ്ങൾക്കും ആവശ്യമായ ഘനയന്ത്രങ്ങൾ.

6. ജലസമ്മൎദ്ദത്താലോ, ആവിയാലോ പ്രവൎത്തിക്കുന്ന ററൎബൈൻ ഉൾപ്പെടെയുള്ള ഘനവൈദ്യുത യന്ത്രങ്ങൾ

7. കല്ക്കരിയും, ഇളം കല്ക്കരിയും,

8. ധാതുഎണ്ണകൾ.

9. ഇരുമ്പ്, മാങ്ഗനീസ്, ക്രോം, ജിപ്സം, ഗന്ധകം, സ്വർണ്ണം, രത്നം എന്നിവയുടെ ഖനനം.

10. ചെമ്പ്, ഈയം, നാകം തുടങ്ങിയവയുടെ ഖനനവും, ശുദ്ധീകരണവും.

11. അണുശക്തി (ഉല്പാദന - ഉപയോഗ നിയന്ത്രണ). ഉത്തരവിലെ പട്ടികയിൽ ഉൾപ്പേട്ടത്തിയിരിക്കുന്നധാതുക്കൾ.

12 വിമാനം.

13. വ്യോമഗതാഗതം.

14. റെയിൽവേ ഗതാഗതം.

15 കപ്പൽ നിർമ്മാണം,

16. കമ്പി–തപാൽ, ടെലഫോൺ, കമ്പിയില്ലാക്കമ്പി ഉപകരണങ്ങൾ. (റേഡിയോ ഒഴികെ)

17. വിദ്യുച്ഛക്തി ഉല്പാദനവും വിതരണവും.

## പട്ടിക ബി.

1. ലഘുധാതുക്കൾ.

2. 'എ' പട്ടികയിൽ ഉൾപ്പെട്ടത്തിയിട്ടില്ലാത്ത ഇരുമ്പേതര ലോഹങ്ങളും അലുമിനിയവും.

3. യന്ത്രോപകരണങ്ങൾ.

4. ഇരുമ്പ്കൂട്ട്ലോഹങ്ങളും ഉപകരണഉരുക്കും

5. ഔഷധങ്ങൾ, ചായങ്ങൾ, പ്ലാസ്റ്റിക് മുതലായ രാസവ്യവസായങ്ങൾക്കാവശ്യമായ അടിസ്ഥാനാർത്ഥാടിസ്ഥാനോല്പന്നങ്ങൾ

6. ആൻറിബയോടിക്സും, മററു അത്യാവശ്യ ഔഷധങ്ങളും,

7, വളം.

8. ക്രിത്രിമ റബ്ബർ.

9. കല്ക്കരിയുടെ അംഗീകരണം.

10, രാസവസ.

11. റോഡ് ഗതാഗതം.

12 കപ്പൽ ഗതാഗതം.

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No 338 E.V Acc. No 79727

This book should be returned on or before the date last stamped below.

338

Cl. No. V

Acc. No. 72727

Author

Title

Date Due | Borrower's Number

338 72727

C. V